# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: kSA TVM/Gp1/1020/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 30/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: kSA TVM/Gp1/1020/2022 തീയ്യതി: 30/06/2022

## തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 09-06-2022 | 18-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-06-2022 | 18-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സിന്ധുലാബീവി.ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി ആശ ജി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീജിത്ത് എസ് .കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രഞ്ജിത്ത് സി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വട്ടവിള രാജ്കുമാർ | പ്രസിഡന്റ് | 01-04-2020 | 09-10-2020 |
| അഡ്മിനിസ്ട്രേറ്റീവ് സമിതി | പ്രസിഡന്റ് | 10-10-2020 | 21-12-2020 |
| ആർ ഗിരിജ | പ്രസിഡന്റ് | 22-12-2020 | 31-03-2021 |
| ഡോ. ജി . പ്രീതി നാഥ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സത്യൻ വി എസ് | കൃഷി ആഫീസർ | 01-04-2020 | 02-02-2021 |
| ശ്രീമതി ആൻസി ആർ. ജെ | കൃഷി ഓഫീസർ | 03-02-2021 | 31-03-2021 |
| ഡോ. ലിജ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ. അഗസ്റ്റിൻ എ ജെ | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി | 01-04-2020 | 27-02-2021 |
| ഡോ. സബിത സെലിൻ ബി എം | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി | 28-02-2021 | 31-03-2021 |
| ഡോ റോഷിണി സി | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പെൻസറി | 01-04-2020 | 31-03-2021 |
| ശ്രീമതി . മഞ്ജുഷ | വി.ഇ.ഒ (സർക്കിൾ എ ) | 01-04-2020 | 31-03-2021 |
| സ്മിതാ രാജ് | വി.ഇ.ഒ (സർക്കിൾ ബി ) | 01-04-2020 | 31-03-2021 |
| ശ്രീമതി. അനു ബാല | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 25-05-2020 |
| ശ്രീമതി വിജയ ലക്ഷ്മി വി. എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 26-05-2020 | 31-03-2021 |
| ശ്രീമതി പ്രമീള ടി | എച്ച് എം | 01-04-2020 | 16-06-2020 |
| ശ്രീമതി റീജ | എച്ച്. എം | 17-06-2020 | 31-03-2021 |
| ശ്രീ. സുനിൽ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 09-02-2021 |

| | | | |
|---|---|---|---|
| | ,എൽ.എസ് .ജി.ഡി | | |
| ശ്രീമതി .സൗമ്യ .എസ് | അസിസ്റ്റന്റ് എഞ്ചിനീയർ ,എൽ.എസ് .ജി.ഡി | 10-02-2021 | 31-03-2021 |
| ശ്രീ. ശ്രീകുമാർ എ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 28-02-2021 |
| ശ്രീമതി. രമ്യ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-03-2021 | 31-03-2021 |
| ശ്രീ.വേൽമുരുകൻ.റ്റി | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. ബിജേഷ് | വെറ്റിനറി സർജൻ | 01-04-2020 | 11-07-2020 |
| ഡോ. സൈറാ എസ് കുറുപ്പ് | വെറ്റിനറി സർജൻ | 12-07-2020 | 09-02-2021 |
| ഡോ. ലേഖ ജോർജ് | വെറ്റിനറി സർജൻ | 10-02-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Asha G R (Senior Grade Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Asha G R (Senior Grade Auditor, On 19-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Asha G R (Senior Grade Auditor, On 19-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Sindhulabeevi.M (Audit Officer (HG), On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-4 |
| 5 | ക്ഷേമ പദ്ധതികൾ<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-5 |
| 6 | മരണപ്പെട്ടവർക്ക് മരണശേഷവും പെൻഷൻ നൽകി<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-5-1 |
| 7 | ക്യാഷ് ബാലൻസ് പരിശോധന.<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം.<br>Written By: Sindhulabeevi.M (Audit Officer (HG), On 20-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Renjith C (Auditor, On 20-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ<br>Written By: Renjith C (Auditor, On 20-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-9 |
| 11 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-10 |
| 12 | തൊഴിൽ നികുതി പൂർണമായി ഈടാക്കിയിട്ടില്ല<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-10-1 |
| 13 | തൊഴിൽ നികുതി രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-10-2 |
| 14 | കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-10-3 |
| 15 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-10-4 |
| 16 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-11 |
| 17 | സഞ്ചയ സോഫ്റ്റ്‌വെയറിലെ തെറ്റായ രേഖപ്പെടുത്തൽ കാരണം നികുതി | 1-12 |

| | | |
|---|---|---|
| | നഷ്ടം സംഭവിക്കുന്നു<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | |
| 18 | വാടക ഇനത്തിൽ വൻ തുകയുടെ വരുമാന നഷ്ടം സംഭവിക്കുന്നു<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-13 |
| 19 | ലക്ഷം വീട് കോളനി നവീകരണം, നിർമ്മാണ പ്രവർത്തി സംബന്ധമായ വിവരങ്ങൾ ലഭ്യമല്ല<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-14 |
| 20 | ലൈഫ് ഭവന നിർമ്മാണം: ഒരേ ഗുണഭോക്താക്കൾക്ക് പദ്ധതി വിഹിതം നൽകാൻ 3 പ്രോജക്ടുകൾ നിർവ്വഹിച്ചിരിക്കുന്നു.<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-15 |
| 21 | ലൈഫ് ഭവന പദ്ധതി : ഗുണഭോക്താവിന് 6290/-രൂപ അധികമായി നൽകി.<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-16 |
| 22 | ഐ.സി.ഡി.എസ്-കേന്ദ്രവിഹിതമിനത്തിലെ നീക്കിയിരിപ്പ് കുറവായി രേഖപ്പെടുത്തിയിരിക്കുന്നു.<br>Written By: Asha G R (Senior Grade Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-17 |
| 23 | ഹഡ്കോ എസ്.സി.പി ഫണ്ടിനത്തിൽ ലോൺ ലഭ്യമായിട്ടില്ല-തിരിച്ചടവിനത്തിൽ (ജി.ഒ പ്രോജക്ട്) തുക കുറവ് ചെയ്ത് സർക്കാർ ഫണ്ട് ലഭ്യമായി.<br>Written By: Asha G R (Senior Grade Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-18 |
| 24 | നിലവിലില്ലാത്ത ഐ. പി യുടെ പ്രവർത്തനത്തിനായി വേതനം നല്കി-7,20,000/ തുക അധികച്ചെലവ്.<br>Written By: Sindhulabeevi.M (Audit Officer (HG), On 19-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-19 |
| 25 | ട്രഷറി ബിൽ ബുക്ക് പ്രകാരം പാസാക്കിയ തുകകൾ ഗ്രാമ പഞ്ചായത്തിലെ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-20 |
| 26 | ക്രമ രഹിതമായി വൗച്ചറുകൾ സൂക്ഷിച്ചിരിക്കുന്നു.<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-21 |
| 27 | ചെലവ് സംബന്ധമായ രേഖകൾ ഹാജരാക്കിയില്ല. 93,761/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-22 |
| 28 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-23 |
| 29 | എംബുക്ക് പ്രകാരമുള്ള ബിൽ ഹാജരാക്കിയില്ല-55,000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 18-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-24 |
| 30 | ഉയർന്ന തുകക്കുള്ള പ്രവൃത്തികൾ ടെൻഡർ നടപടി ക്രമം പാലിക്കാതെ | 1-25 |

| | | |
|---|---|---|
| | ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നടപ്പിലാക്കുന്നു-ഭാവിയിൽ ഇത്തരം പ്രവണതകൾ ഒഴിവാക്കേണ്ടതാണ്.<br>Written By: Sreejith S K (Senior Grade Auditor, On 18-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | |
| 31 | എസ്കലേഷൻ പ്രവൃത്തിയിൽ ഉയർന്ന നിരക്കിൽ അധികം തുക നൽകി- 25,665/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 18-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-26 |
| 32 | എം ബുക്ക് പ്രകാരം അനുവദിച്ച തുകയെക്കാളും ഉയർന്ന തുക ബിൽ പ്രകാരം നൽകി-1904/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 18-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-27 |
| 33 | റോഡ് കോൺക്രീറ്റ് പ്രവൃത്തിയിൽ ഫോം വർക്ക് ചെയ്യാതെ ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകി-അധികം നൽകിയ തുക 12,953/-രൂപ തടസപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 18-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-28 |
| 34 | ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തിയിൽ, പ്രവൃത്തി മൂല്യത്തിനേക്കാളും അധികം തുക നൽകി-2,34,218/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 18-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-29 |
| 35 | രേഖകൾ ഹാജരാക്കിയില്ല ചെലവ് തടസപ്പെടുത്തുന്നു - 26,79,441/- രൂപ.<br>Written By: Sreejith S K (Senior Grade Auditor, On 18-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-30 |
| 36 | ഗുണഭോക്തൃസമിതി മുഖാന്തിരം നിർവ്വഹിക്കുന്ന പ്രവൃത്തികളിൽ യഥാർത്ഥ അളവിനനുസരിച്ച് മെറ്റീരിയൽസ് സപ്ലൈ ചെയ്തതായി കാണുന്നില്ല- ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.<br>Written By: Sreejith S K (Senior Grade Auditor, On 18-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-31 |
| 37 | സർക്കാർ നിർദേശം അവഗണിച്ച് സൈഡ് വാൾ നിർമ്മാണത്തിൽ അനാവശ്യമായി RCC Middle Belt ഉൾപ്പെടുത്തുന്നു-ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.<br>Written By: Sreejith S K (Senior Grade Auditor, On 18-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-32 |
| 38 | അനുവദനീയമായതിലും ഉയർന്ന നിരക്ക് നൽകി പ്രവൃത്തി നിർവ്വഹിച്ചു- 11,461/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 18-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-33 |
| 39 | കൺവീനർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ മെറ്റീരിയൽസിന്റെ ഗുണനിലവാരം ഉറപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.<br>Written By: Sreejith S K (Senior Grade Auditor, On 18-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-34 |
| 40 | റൂഫിംഗ് പ്രവൃത്തിക്ക് ഉയർന്ന നിരക്ക് നൽകി പ്രവർത്തി നിർവ്വഹിച്ചു- 3,515/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 18-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-35 |
| 41 | അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-36 |

| | | |
|---|---|---|
| | Written By: Sreejith S K (Senior Grade Auditor, On 18-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | |
| 42 | വൗച്ചറുകൾ ഹാജരാക്കിയില്ല- 1,67,622/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-37 |
| 43 | ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Asha G R (Senior Grade Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-38 |
| 44 | കന്നുക്കുട്ടി പരിപാലന പദ്ധതി, ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-39 |
| 45 | ജി എസ് റ്റി - രജിസ്ട്രേഷൻ, തുക ഒടുക്കവരുത്തൽ- അപാകതകൾ.<br>Written By: Asha G R (Senior Grade Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-40 |
| 46 | ലൈബ്രറി സെസ് അടവാക്കിയിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-41 |
| 47 | എ.ബി.സി. പദ്ധതി.<br>Written By: Renjith C (Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-42 |
| 48 | ചെലവു പത്രികയിലെയും, ബിൽബുക്കിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല, രേഖകൾ ക്രോഡീകരിച്ച് ലഭ്യമാക്കിയിട്ടില്ല.1780327/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 19-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-43 |
| 49 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- 2247995/- രൂപ തടസ്സം ചെയ്യുന്നു.<br>Written By: Sindhulabeevi.M (Audit Officer (HG), On 19-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-44 |
| 50 | ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്കായി വാങ്ങിയ സാധനങ്ങൾ സ്ഥാപിച്ചിട്ടില്ല.-ചെലവ് തുക തടസ്സപ്പെടുത്തുന്നു- 4,32,794/രൂപ.<br>Written By: Sindhulabeevi.M (Audit Officer (HG), On 20-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 1-45 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകളുടെ വിവരം<br>Written By: Asha G R (Senior Grade Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sindhulabeevi.M (Audit Officer (HG), On 19-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sindhulabeevi.M (Audit Officer (HG), On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Asha G R (Senior Grade Auditor, On 20-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sindhulabeevi.M (Audit Officer (HG), On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sindhulabeevi.M (Audit Officer (HG), On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sindhulabeevi.M (Audit Officer (HG), On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 4-7 |
| 8 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം<br>Written By: Renjith C (Auditor, On 20-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Renjith C (Auditor, On 20-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sindhulabeevi.M (Audit Officer (HG), On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-06-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

(എ) ബജറ്റ് അംഗീകാരം

ഭരണസമിതിയുടെ 30.03.2020-ലെ 2(1) നമ്പർ തീരുമാനപ്രകാരം 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. പ്രതീക്ഷിത വരവ് 33,29,83,560/-രൂപയും പ്രതീക്ഷിത ചെലവ് 32,82,84,530/-രൂപയും 46,99,030/-രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റാണ് ഭരണസമിതി അംഗീകരിച്ചിരിക്കുന്നത്.

എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ 2020-21 വർഷത്തെ ബജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരം മുന്നിരിപ്പ് 1,68,35,560/-രൂപയും പ്രതീക്ഷിത വരവ് 30,15,45,000/-രൂപയും പ്രതീക്ഷിത ചെലവ് 30,13,32,530/-രൂപയുമാണ്.

ഭരണസമിതി അംഗീകരിച്ച തുകയിലെയും ബജറ്റ് സ്റ്റേറ്റ്മെന്റിലെയും തുകയിലെ വ്യത്യാസത്തിന് കാരണം വിശദമാക്കിയിട്ടില്ല.

(ബി) വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ പാലിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്ത് വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികളൊന്നും തന്നെ പാലിച്ചിട്ടില്ല. ബജറ്റ് ശുപാർശ, രൂപീകരണം എന്നിവ ഉൾപ്പെട്ട ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.4/10.06.2022).

ബജറ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) ധനകാര്യപത്രിക പ്രകാരം തൻവർഷം ശമ്പളമിനത്തിലെ ചെലവ് 6,35,150/-രൂപയാണ്. എന്നാൽ 1.5 കോടി രൂപയാണ് സാലറിയിനത്തിൽ വകയിരുത്തിയിരിക്കുന്നത് .

| ക്രമ നം | ഹെഡ് കോഡ് (ബജറ്റ് പ്രകാരം ) | ഇനം/AFS പ്രകാരമുള്ള ഹെഡ് കോഡ് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2101001 | ശമ്പളം /210100101,..102,...107 | 1,50,00,000/- | 6,35,150/- |

(ബി) ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു.

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം | ഇനം, ഹെഡ് കോഡ് (ബജറ്റ് പ്രകാരം ) | AFS പ്രകാരമുള്ള ഹെഡ് കോഡ് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2201003 നികുതി | 220100302 | 0 | 18593 |
| 2 | 2207101 അസാധാരണ ചെലവുകൾ | 220710101 | 100000 | 665497 |
| 3 | 2305002 സംരക്ഷണവും അറ്റകുറ്റപ്പണികളും റോഡുകൾ | 230500201 | 50000 | 348023 |

(സി) 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ.

| ഇനം | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യ പത്രിക പ്രകാരം |
|---|---|---|

| | | ചെലവ് |
|---|---|---|
| 2103002 അവധി ശമ്പളം | 1000000 | 0 |
| 2104001 മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ | 1500000 | 0 |

(ഡി) ചില ഹെഡുകളിൽ പ്രതീക്ഷിത വരവിലും വളരെ കൂടിയ വരവും വളരെ കുറഞ്ഞ വരവും ലഭിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ്, ഇനം | ഇൻകം &എക്സ്പന്റിച്ചർ പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| 1401101, ലൈസൻസ് ഫീസ് | 1,13,560/- | 6,00,000/- |

കേരള പഞ്ചായത്ത്‌രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി (ഇ സബ്മിറ്റ് ചെയ്ത തീയതി ) | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2021 | 08.06.22 | - | - |

ILGMS പ്രവർത്തനമാരംഭിച്ച തീയതി - 24.08.2020.

സോഫ്റ്റ്‌വെയറിന്റെ പഞ്ചായത്ത് തലത്തിലുള്ള സെറ്റിംഗ്സ് പൂർത്തിയാക്കി ILGMS ഓൺലൈനായ തീയതി - 06.10.2020.

നിലവിൽ PDE – ILGMS-ൽ ലഭ്യമല്ല (ഓഡിറ്റ് എൻക്വയറി നം 01/ 09.06.2022-ന്റെ മറുപടി).

ഓഡിറ്റിന് ലഭ്യമാക്കിയ മറുപടി പ്രകാരം 06.10.2020-ൽ ആണ് സ്ഥാപനം ILGMS മൊഡ്യൂളിലേയ്ക്ക് ധനകാര്യ ഇടപാടുകൾ മാറ്റിയിട്ടുള്ളത്. 06.10.2020-ൽ തന്നെയാണ് സാംഖ്യ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുകകൾ ILGMS-ലേക്ക് PDE ചെയ്തിട്ടുള്ളത്.

എന്നാൽ 06.10.2020-ൽ സാംഖ്യയിൽ നിന്നുള്ള ബാലൻസ് ഷീറ്റ് 06.10.2020-ലെ ട്രയൽ ബാലൻസുമായി പൊരുത്തപ്പെടുത്തിയപ്പോൾ ചുവടെ ചേർക്കുന്ന വ്യത്യാസങ്ങൾ കാണുന്നു.

(എ) പഞ്ചായത്ത് ജനറൽ ഫണ്ട് - ട്രയൽ ബാലൻസിൽ ഡെബിറ്റിലും ക്രഡിറ്റിലും തുക രേഖപ്പെടുത്തി മുന്നിരിപ്പ് ക്രമീകരിച്ചിട്ടുണ്ട്.

(ബി) ബാലൻസ്ഷീറ്റിൽ (ബി 11, 2019-20 ) നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന ഡിപ്രീസിയേഷൻ ഇനങ്ങൾ ട്രയൽ ബാലൻസിൽ മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടില്ല.

(സി) ബാലൻസ്ഷീറ്റ് ( B15, 2019-20) State Govt Cesses/Levies In Property Taxes- Control Account എന്നയിനത്തിനത്തിൽ -78,385/-രൂപ ട്രയൽ ബാലൻസിൽ പ്രതിഫലിക്കുന്നില്ല.

(ഡി) ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പ് ട്രയൽ ബാലൻസിലെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ട്രാൻസാക്ഷൻസിൽ ഡെബിറ്റിലോ ക്രഡിറ്റിലോ തുക രേഖപ്പെടുത്തി നീക്കിയിരിപ്പായി ട്രയൽ ബാലൻസിൽ രേഖപ്പെടുത്തി പൊരുത്തപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ.

| ഇനം | നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് 2019-20 (06.10.2020) | മുന്നിരിപ്പ് ട്രയൽ ബാലൻസ് 2020-21 (06.10.2020) |
|---|---|---|
| Secure Loans Loan From HUDCO | 69495206 | 66758257 |

| | | |
|---|---|---|
| Contractors Retention | 74827 | 40 |

അപാകതകൾ ഓഡിറ്റ് അന്വേഷണം നം.12/14.06.2022 പ്രകാരം സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ.

1. 2019-20 ബാലൻസ് ഷീറ്റിൽ ക്ലോസിംഗ് ബാലൻസ് തൻവർഷത്തെ ട്രയൽ ബാലൻസിലെ ഓപ്പണിംഗ് ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

ഉദാഹരണങ്ങൾ:

| Head Of Account/ Item | 19-20ലെ ബാലൻസ് ഷീറ്റ് Closing Balance | 2020-21ലെ Trial Balance Opening Balance | | 2020-21ലെ Balance Sheet Closing Balance |
|---|---|---|---|---|
| | | Opening (Cr.) | Opening (Dr.) | |
| 310100101 Panchayat Fund – General Fund | 3617216 | 139760535.6 | 136143319.6 | 3617216 |

2) അക്കൗണ്ട് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല.

B3-Reserves

| അക്കൗണ്ട് ഹെഡ്/ഇനം | വർഷം | തുക |
|---|---|---|
| 312100101 Capital Contribution | 2019-20 | 75708986/- |
| 312109901 Capital Contribution | 2020-21 | 85958292/- |

3) ഷെഡ്യൂൾ B11 – Fixed Assets എന്നതിൽ വിവിധ ഹെഡുകളിൽ ഉണ്ടായിരുന്ന Closing Balance.

2020-21ലെ

AFS പ്രകാരം B11-Fixed Assets

B11(c) Capital Expense Productive Sector

B11(d) Capital Expense Service Sector

B11(e) Capital Expense Infrastructure Sector

എന്നിങ്ങനെ മൂന്ന് സബ് ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയതായി കാണുന്നു. ഈ സബ് ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന അക്കൗണ്ട് ഹെഡുകളുടെ അംഗീകാരം, ആധികാരികത എന്നിവ വ്യക്തമല്ല.

4) B4 ഷെഡ്യൂളിലെ അക്കൗണ്ട് ഹെഡുകളിലെ വ്യത്യാസം.

ബാലൻസ് ഷീറ്റിൽ ഒരേ ഇനം 2019-20, 2020-21 വർഷങ്ങളിൽ വ്യത്യസ്ത ഹെഡുകളിലാണ് പോസ്റ്റ് ചെയ്തിട്ടുള്ളത്.

| Account Head | Year | Item | Amount |
|---|---|---|---|
| B4-320100101 | 2019-20 | NREGA | 578881 |
| B4-320100128 | 2020-21 | NREGA | 41953 |
| B4-320200309 | 2019-20 | Literacy Grant | 13306 |
| B4-320100197 | 2020-21 | Literacy Grant | 13306 |

5) 2019-20 B17 ഷെഡ്യൂളിൽ വ്യത്യസ്ത Account Head-കളിൽ നിലനിന്നിരുന്ന ബാങ്ക് അക്കൗണ്ടുകൾ 2020-21-ലെ AFS-

ൽ Account Head-കൾ മാറുകയും വ്യത്യസ്ത Account Head-കളിൽ നിലനിന്നിരുന്ന തുകകൾ ട്രയൽ ബാലൻസിൽ ഒരുമിച്ചും ബാലൻസ് ഷീറ്റിൽ ഒരേ ഹെഡിൽ തന്നെ പ്രത്യേകമായും കാണിച്ചിരിക്കുന്നു. എന്നാൽ ആകെ തുകയ്ക്ക് വ്യത്യാസമില്ല.

| ഇനം | ട്രയൽ ബാലൻസിലെ ഹെഡ് കോഡ് | ബാലൻസ് ഷീറ്റിലെ ഹെഡ്കോഡുകൾ | തുക |
|---|---|---|---|
| Cash And Bank Balances | 450210101 | 450210101<br>450210102<br>450210103<br>450210104<br>450220101<br>450410101<br>450620101 | 9443510 |

6) Income And Expenditure Statementലും Receipt & Payment Statement-ലും Account Head-കളിൽ വ്യത്യാസം.

ഉദാഹരണം

<u>ഇൻകം ആന്റ് എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ്</u>

2019-20ൽ 110100103 – Property Tax On Non Residential Building എന്നതായിരുന്നു. 2020-21-ൽ അത് 110100102 ആണ്. Profession Tax – Traders എന്നതിന് പുതിയ Head 110200105 ഉൾപ്പെടുത്തിയിട്ടുണ്ട്.

(2) 140110111 – (Belated Fee) എന്ന Head ഉൾപ്പെട്ടിട്ടില്ല.

7. ധനകാര്യപത്രികയിൽ ഐ.സി.ഡി.എസ് സെൻട്രൽ ഷെയർ എന്നയിനത്തിലെ മുന്നിരിപ്പ്, വരവ് , ചെലവ് , നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | മുന്നിരിപ്പ് B4 | വരവ് RP30 | ചെലവ് (സുലേഖ) | നീക്കിയിരിപ്പ്(B4) |
|---|---|---|---|---|
| ICDS | 1233393 | 1204851 | 1364933 | 429018 |

ഐ സി ഡി എസ് സൂപ്പർവൈസർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ്, ധനകാര്യപത്രിക എന്നിവയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം | 2059396 | 1190575 | 1500000 | 1749940 |
| ധനകാര്യപത്രിക പ്രകാരം | 1233393 | 1204851 | 1364933 | 429018 |

ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ കാഷ് ബുക്ക് പ്രകാരം അനുപൂരക പോഷകാഹാരം എന്ന പ്രോജക്ടിന്റെ ചെലവ് 1,50,000/- രൂപ ആണ്. എന്നാൽ സുലേഖ പ്രകാരം ആയത് 13,64,933/- ആണ്.

8. നീക്കിയിരിപ്പിനത്തിൽ ഇൻകം ആന്റ് എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ (2020-21) I19 പ്രകാരമുള്ള Prior Period Income

– Other Incomes എന്നയിനത്തിൽ 3,15,432/- രൂപ തൻവർഷത്തെ ട്രയൽ ബാലൻസിൽ പ്രതിഫലിക്കുന്നില്ല.

9. എം.എൻ.ആർ.ഇ.ജി.എസ്, കാഷ് ബുക്ക്, ഇ എഫ് എം എസ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

| | | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ<br>100 ദിവസം ജോലി ചെയ്തവർക്കുള്ള ബോണസ് 41,700/-രൂപ ഉൾപ്പെടെയാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത് | കാഷ് ബുക്ക് പ്രകാരം | 579100 | 2171485 | 270862 | 41953 |
| | ധനകാര്യപത്രിക പ്രകാരം | 579100 | 2185485 | 2722632 | 41953 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക | ധനകാര്യപത്രിക പ്രകാരം | 0 | 52314716 | 52314716 | 0 |
| | ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 52316093 | 52316093 | 0 |

10. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു. ( വരവ് 28,84,51,944/-, ചെലവ് 29,48,30,948/-).

11. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

12. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalent-വുമായി പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവിധ വരവു ചെലവുകൾ ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

13. ബി14 – Stock In Hand (Inventories) സ്റ്റോക്ക് മൂല്യം നിർണയിച്ചിട്ടില്ല.

14. വാർഷിക കണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios ), നോട്സ് ഓൺ അക്കൗണ്ട്സ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

15. ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

16. ഹഡ്കോ ലോൺ-ധനകാര്യപത്രികയിലെ വിവരങ്ങൾ മുന്നിരിപ്പ്, വരവ്, തിരിച്ചടവ്, ബാക്കി തുക പൊരുത്തപ്പെടുന്നില്ല.

| ഹെഡ് | മുന്നിരിപ്പ് | വരവ് | തിരിച്ചടവ് (സുലേഖ പ്രകാരം ) | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 330500202<br>സെക്വേർഡ് ലോൺസ്- ലോൺസ് ഫ്രം ഹഡ്കോ | 66758257 | 3376949 | 5573608 | 64371363 |

തൻവർഷ വരവ് ഹഡ്കോ രജിസ്റ്ററിലെ (വി.ഇ.ഒ ഹാജരാക്കിയത്) വിവരങ്ങളുമായും പൊരുത്തപ്പെടുന്നില്ല.

| | വരവ് | ചെലവ് |
|---|---|---|
| രജിസ്റ്റർ പ്രകാരം | 3436949 | 0 |

| | | |
|---|---|---|
| ധനകാര്യപത്രിക പ്രകാരം | 3376949 | 190235<br>(As Per Ledger Book) |

*17. LGTSB (തനത് ഫണ്ട്)* അക്കൗണ്ടിന്റെ മാർച്ച് *2021*-ലെ റീകൺസിലിയിയേഷൻ പത്രികയിൽ കാലാവധി കഴിഞ്ഞ *4,00,000/-* രൂപയുടെ ചെക്കിന്റെ വിശദാംശങ്ങൾ ഉൾപ്പെട്ടിരിക്കുന്നു, *(ചെക്ക് നം.1787513/27.11.2020).* ആയത് *Stale Cheque* ആയി മാറ്റിയിട്ടില്ല.

*18.* ബി 7, B18 എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ ഡെപ്പോസിറ്റിനങ്ങളുടെ വിശദാംശം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

19. 2020-21 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ-ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

20. വെറ്റിനറി സർജൻ നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചെലവുപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

| പ്രോജക്ട് നം | തുക | ബിൽ നം , തീയതി |
|---|---|---|
| 153/20 കാലിത്തൊഴുത്ത് നവീകരണം (എസ് സി വനിത) | 90000 | 1/15.0420 |
| 85/20 കാലിത്തൊഴുത്ത് നവീകരണം (എസ് സി വനിത) | 30000 | 2/28.04.20 |

*21)* കേരള ഗ്രാമീൺബാങ്ക് തനത് ഫണ്ട് അക്കൗണ്ടിന്റെ മാർച്ച് *2021*-ലെ റീകൺസിലിയിയേഷൻ പത്രിക പ്രകാരം കാലാവധികഴിഞ്ഞ 7,53,825/-രൂപയുടെ ചെക്ക് ഉൾപ്പെട്ടിട്ടുണ്ട് (Cheque Issued But Not Presented Into Bank) ആയത് Stale Cheque ആയി മാറ്റിയിട്ടില്ല.

*22)* തൊഴിൽ രഹിതവേതനമിനത്തിൽ തൻവർഷ ചെലവ് *1,80,720/-* ആണ് *(ബിൽ നം.2/15.09.2020).* എന്നാൽ ധനകാര്യപത്രികയിൽ ആയത് *3,52,800/-* എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

*23)* സംയുക്ത പ്രോജക്ടുകളുടെ ചെലവഴിക്കാത്ത തുകകൾ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

ജി.ഒ (പി) 07/2017, ധന 23.01.2017 നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് നിർവഹണം നടക്കാത്ത പക്ഷം പ്രസ്തുത പദ്ധതി സ്പിൽ ഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശ സ്ഥാപനം ജോയിന്റ് അക്കൗണ്ട് മാർച്ച് 31-നകം റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശ സ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണെന്നിരിക്കെ സംയുക്ത പ്രോജക്ടുകളുടെ തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു. (ബി 4 ഷെഡ്യൂൾ).

| ശീർഷകം | | തുക |
|---|---|---|
| 320700304 | Contribution For Joint Venture Projects ( For Capital Expenditure) From Block Panchayats | 1835500 |
| 320700405 | Contribution For Joint Venture Projects ( For Revenue Expenditure) From District Panchayats | 2050090 |

24) ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, റീകൺസിലിയേഷൻ പത്രികകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ പത്രികകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

| അക്കൗണ്ട് നം | ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല* | റീകൺസിലിയേഷൻ പത്രികകൾ ലഭ്യമാക്കിയിട്ടില്ല** | നീക്കിയിരിപ്പ് (ധനകാര്യപത്രിക പ്രകാരം) | നീക്കിയിരിപ്പ് ബാങ്ക് സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | പ്രകാരം |
| എസ് ബി ഐ Other Funds (57060694959) | * | ** | 21828 | |
| Canara Bank (3580101011324) | - | ** | 20084 | 20719.85 ( 17.03.21 ലെ നീക്കിയിരിപ്പ്) |
| Kerala Gramin Bank (Life) (40348101063042) | * | ** | 268932 | |
| District Co Op Bank (20461201200001) | * | ** | 13306 | |
| TSB Own Fund 702051400000008 | - | ** | 49211 | 02.04.2020 മുതൽ 02.05.2020 വരെയുള്ള സ്റ്റേറ്റ്മെന്റാണ് ലഭ്യമാക്കിയത് |
| Treasury Act Covid 799012900000141 | - | ** | 150984 | 0 |

25. പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള TDCB ഉദിയൻകുളങ്ങര ബ്രാഞ്ചിൽ നിലവിലുള്ള 20461201200002 എന്ന അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത അക്കൌണ്ടിൽ 9370.50/- രൂപ നീക്കിയിരിപ്പുണ്ടെങ്കിലും ആയത് ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

26. TSB Own Fund ( 702051400000008 ) അക്കൗണ്ടിൽ 22.05.2020-ൽ ബാലൻസുണ്ടായിരുന്ന തുക 2,34,838/-രൂപ ചെക്ക് നം.109179 പ്രകാരം പിൻവലിച്ച് നീക്കിയിരിപ്പ് പൂജ്യം ആക്കിയിട്ടുണ്ട്. തുക എന്താവശ്യത്തിന് പിൻവലിച്ചതാണെന്നും, ചെലവിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റിൽ പൂജ്യം രേഖപ്പെടുത്തിയിരിക്കുന്ന അക്കൗണ്ടിൽ ധനകാര്യപത്രിക പ്രകാരം 49,211/- രൂപ ബാലൻസുണ്ട്.

27. തൊഴിൽ നികുതി രജിസ്ററർ, ലേല രജിസ്ററർ എന്നിവയിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ലേല രജിസ്റ്റർ പ്രകാരം സേതുലക്ഷ്മിപുരം മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് 2020-21-ൽ ശ്രീ.വിനു റ്റി (വിശാഖം, പാർക്ക് ജംഗ്ഷൻ, ധനുവച്ചപുരം) എന്ന വ്യക്തിയ്ക്ക് 20 ലക്ഷം രൂപയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 3 തവണകളായി 13 ലക്ഷം രൂപയാണ് ആകെ വരവായി ലഭിച്ചിരിക്കുന്നത്. 7ലക്ഷം രൂപ കുടിശ്ശികയായി ലഭിക്കാനുണ്ട്. കുടിശ്ശികയുടെ വിവരങ്ങൾ ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

28. ഡി ആന്റ് ഒ രജിസ്റ്റർ, ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടകയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവയിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

29. ബാധ്യത തുകകൾ അടവാക്കുന്നില്ല.

ബാധ്യതയിനത്തിൽ മുൻവർഷങ്ങളിൽ നിലനിൽക്കുന്ന ബാധ്യതയുൾപ്പെടെയുള്ള തുകകൾ തൻവർഷവും അടവാക്കിയിട്ടില്ല. വിശദാംശം ചുവടെ.

| ഇനം | മുൻവർഷം അടവാക്കാനുണ്ടായിരുന്ന തുക | തൻവർഷത്തെ ബാധ്യത |
|---|---|---|
| 350200101 General | 14830 | 26020 |

| | | |
|---|---|---|
| Provident Fund | | |
| 350200102 KPEPF | 101329 | 109740 |
| 350200103 SLI | 6750 | 8300 |
| 350200104 GIS | 5700 | 6600 |
| 350200105 LIC | 2077 | 3676 |
| 350300103 Value Added Tax | - | 575554 |
| Other Recoveries From Employees | 46708 | 31288 |
| Govt And Other Dues Payable -Others | 11100 | 11100 |
| Recoveries Payable Covid | - | 579972 |

വാല്യൂ ആഡഡ് ടാക്സ് നിലവിലില്ലാതിരിക്കെ 2425/-രൂപയുടെ വരവായി ധനകാര്യപത്രികയിൽ (ആർ പി) രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഏതിനത്തിലെ വരവാണെന്ന് വ്യക്തമല്ല. ബാധ്യത തുകകൾ യഥാസമയം അടവാക്കി ധനകാര്യപത്രികയിൽ ക്രമീകരിച്ച് വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്(നം ഓഡിറ്റ് എൻക്വയറി നം 19/15.06.2022).

30) വാർഷിക കണക്കുകൾ പ്രകാരം ബി11 (എ) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്നത് പൂജ്യം ആണ്. എന്നാൽ എ.ഇ-യുടെ സ്റ്റേറ്റ്മെന്റുമായി ഇത് പൊരുത്തപ്പെടുന്നില്ല.

ILGMS- മായി ബന്ധപ്പെട്ട അപാകങ്ങളുടെ സംക്ഷിപ്തം .

പഞ്ചായത്തിന്റെ നിലവിൽ സാംഖ്യാ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷിക ധനകാര്യ പത്രിക 24.08.2020 തീയതി മുതൽ ILGMS എന്ന ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരിക്കുകയാണ്. ഇന്റഗ്രേഷൻ നടത്തിയ തീയതിയിലെ CB-യും ILGMS-ൽ പ്രവേശിച്ച തീയതിയിലെ OB-യും (ട്രയൽ ബാലൻസ്) വിവിധ അക്കൗണ്ട് ഹെഡുകളുടെ പൊരുത്തവും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. 2019-20 ബാലൻസ് ഷീറ്റിലെ വിവിധ ക്ലോസിംഗ് ബാലൻസുകൾ തൻവർഷത്തെ ട്രയൽ ബാലൻസിൽ ഓപ്പണിംഗ് ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2. വിവിധ അക്കൗണ്ട് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല. 2019-20 ൽ സാംഖ്യയിൽ നിലവിൽ ഉണ്ടായിരുന്ന ഹെഡുകൾ പലതും 2020-21 ൽ വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ RP പ്രകാരം ചെലവിനങ്ങളുടെ ഹെഡുകളിലും ഹെഡുകൾ കൂടി ചേർത്തിട്ടുണ്ട്.

3. ഹെഡുകൾ പലതായി തരംതിരിക്കപ്പെട്ടിരിക്കുന്നു.

ഉദാ :- 2019-20 ലെ AFS പ്രകാരം B11 Fixed Assets എന്നത് -

B11 (C) Capital Expenses Production Sector

B11 (D) Capital Expenses Service Sector

B11 (E) Capital Expenses Infrastructure Sector

എന്നിങ്ങനെ മൂന്ന് സബ് ഷെഡ്യൂളുകളായി തിരിച്ചിരിക്കുന്നു. തുകകൾ പൊരുത്തപ്പെടുത്തുന്ന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

4. 2019-20 B9 ഷെഡ്യൂളിൽ 320160999 എന്ന Head (Other Liabilities) B4-ലേക്ക് മാറിയിട്ടുണ്ട്. കാരണം വിശദീകരിച്ചിട്ടില്ല.

5. 2019-20 B17 ഷെഡ്യൂളിൽ വ്യത്യസ്ത Account Head-കളിൽ നിലനിന്നിരുന്ന ബാങ്ക് അക്കൗണ്ടുകൾ 2020-21-ലെ AFS-ൽ അക്കൗണ്ട് ഹെഡുകൾ മാറുകയും വ്യത്യസ്ത അക്കൗണ്ട് ഹെഡുകളിൽ നിലനിന്നിരുന്ന തുകകൾ ട്രയൽ ബാലൻസിൽ ഒരുമിച്ചും ബാലൻസ് ഷീറ്റിൽ ഒരേ ഹെഡിൽ തന്നെ പ്രത്യേകം സബ്ഹെഡുകളായി കാണിച്ചിരിക്കുന്നു. ആകെ തുക വ്യത്യാസപ്പെടുന്നില്ല.

6. 2019-20 ൽ നിലനിന്നിരുന്ന പല അക്കൗണ്ട് ഹെഡുകളും 2020-21 ൽ വ്യത്യാസപ്പെടുകയോ കൂട്ടിച്ചേർക്കപ്പെടുകയോ ചെയ്തിട്ടുണ്ട്.

അക്കൗണ്ട് ഹെഡുകളുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ പൊരുത്തക്കേടുകൾ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രികയുടെ കൃത്യവും പൂർണവുമായ ഓഡിറ്റിന് തടസ്സമായിട്ടുണ്ട്. ഇ-സബ്മിറ്റ് ചെയ്യപ്പെട്ട അക്കൗണ്ട്സും ILGMS-ന്റെ Auditor Login-ൽ ലഭ്യമായ അക്കൗണ്ട്സും മുൻ വർഷത്തെ സാംഖ്യ അക്കൗണ്ട്സുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ IKM, ഭരണ വകുപ്പ് എന്നിവരിൽ നിന്നും നിർദ്ദേശങ്ങൾ തേടി പരിഹരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 19225142 | 19225142 | 24855276 | (-)5630134 |
| വികസനഫണ്ട്-എസ്.സി.പി | 0 | 9976780 | 9976780 | 8485348 | 1491432 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ബേസിക് ഗ്രാന്റ് | 0 | 20205285 | 20205285 | 13716707 | 6488578 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോർമൻസ് ഗ്രാന്റ് | ० | 10260000 | 10260000 | 7470812 | 2789188 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 15647000 | 15647000 | 15642467 | 4533 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 7321194 | 7321194 | 6698562 | 622632 |

ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവുകൾ സർക്കാർ ഉത്തരവുകളിലൂടെ അനുവദിച്ചിട്ടുള്ള വരവുമായി പൊരുത്തപ്പെടുന്നില്ല.

വരവ്

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഉത്തരവുകൾ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 19225142 | 26331750 |

| | | |
|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 9976780 | 7371897 |

വിവിധ ആവശ്യങ്ങൾക്കായി സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുകയ്ക്ക് ഗ്രാമപഞ്ചായത്ത് പദ്ധതി ചെലവു രേഖപ്പെടുത്തുന്നുണ്ടെങ്കിലും, പ്രസ്തുത തുക വരവിൽ ഉൾപ്പെടുത്തുന്നില്ല. തൻ നിമിത്തം വരവു കുറവായി രേഖപ്പെടുത്താനിടയാകുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പൊതു വിഭാഗം വികസന ഫണ്ടിന്റെ ചെലവ് വരവിലും അധികമായി രേഖപ്പെടുത്തിയിരിക്കുന്നു.

2) സർക്കാർ ഉത്തരവുകൾ പ്രകാരം രൂപീകരിക്കേണ്ടിയിരുന്ന വിവിധ പ്രോജക്ടുകൾ രൂപീകരിച്ച് സുലേഖയിൽ ചെലവു രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ.

| ഫണ്ടിനം | സുലേഖയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക | സർക്കാർ ഉത്തരവുകൾ പ്രകാരം തുക | |
|---|---|---|---|
| വികസന ഫണ്ട് ( ജനറൽ) | രേഖപ്പെടുത്തിയിട്ടില്ല | 1533000 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ഈടാക്കേണ്ട തുക |
| വികസനഫണ്ട് (എസ് സി പി) | രേഖപ്പെടുത്തിയിട്ടില്ല | 4503000 | ലൈഫ് മിഷൻ വായ്പ എസ് സി പി തിരിച്ചടവ് |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഹഡ്കോ ലോൺ രജിസ്റ്റർ പ്രകാരം ലൈഫ് മിഷൻ വായ്പ (എസ് സി പി) ഫണ്ടിനത്തിൽ തുകയൊന്നും ലഭ്യമായിട്ടില്ല. എന്നാൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വിഹിതത്തിൽ നിന്നും 45,03,000/-രൂപ തിരിച്ചടവിനത്തിൽ കുറവു വരുത്തിയാണ് 2020-21 വർഷം എസ്.സി.പി ഫണ്ട് ലഭ്യമായിരിക്കുന്നത്.

3) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് എ.സി.ആർ പ്രകാരമുള്ള ചെലവുമായും ആർ പി 7-ൽ രേഖപ്പെടുത്തിയിരിക്കുന്ന വരവുകളുമായും പൊരുത്തപ്പെടുന്നില്ല . വിശദാംശം ചുവടെ.

| ഫണ്ടിനം | ചെലവ് | | ആർ പി 7 ൽ രേഖപ്പെടുത്തിയിരിക്കുന്ന തുക |
|---|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | എ.സി.ആർ പ്രകാരം | |
| വികസന ഫണ്ട് ജനറൽ | 24855276 | 18259668 | 18062587 |
| വികസന ഫണ്ട് എസ് സി പി | 8485348 | 9521148 | - |

5) കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

6) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ഹെഡ്ഡ് കോഡ് | തുക |
|---|---|
| 320100197 | 13306 |
| 320100198 | 3548271 |
| 320100199 | 20000 |
| 320300103 | 637794 |
| 320300199 | 5808807 |
| 320800199 | 12500 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

7) ഗ്രാന്റ് യൂട്ടിലൈസേഷൻ -വിനിയോഗത്തിലെ അപാകതകൾ.

(എ) സ.ഉ(കൈ)നം.11/2018/lsgd, Dated 29.01.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാ ഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞതുക 27,73,080/-രൂപയാണ്. ഈയിനത്തിൽ ആകെ 46,82,583/-രൂപ അടങ്കൽ വകയിരുത്തുകയും 26,39,983/-രൂപ മാത്രം ചെലവഴിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വകയിരുത്തിയതിന്റെ 56% മാത്രം വിനിയോഗിച്ചിട്ടുള്ളത്.

(ബി)സ.ഉ(കൈ)നം.11/2018/lsgd, Dated 29.01.2018 ഖണ്ഡിക 5.4.1.11 പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക 13,86,540/- രൂപ ആണ്. കൂടിയ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും (2284507) ഈ വിഭാഗത്തിലെ ചെലവ് 14,93,213/- വകയിരുത്തലിന്റെ ചെലവ് ശതമാനം 65%. (ഓഡിറ്റ് എൻക്വയറി നമ്പർ.22/16.06.2022).

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 270 | 207792911 | 203 | 111807786 | - | 67 |

തൻ വർഷം നടപ്പാക്കുന്നതിന് 270പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 203 എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആകെ വകയിരുത്തിയ തുകയുടെ 54% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

## 1-5 ക്ഷേമ പദ്ധതികൾ

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 352800 | 349 |
| കർഷക തൊഴിലാളി പെൻഷൻ | 23110800 | 6571 |
| വിധവാ പെൻഷൻ | 28749600 | 7451 |
| വാർധക്യകാല പെൻഷൻ | 54417900 | 15194 |
| വികലാംഗ പെൻഷൻ | 14860500 | 3943 |
| വിവാഹ ധനസഹായം | 390000 | 13 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1346500 | 356 |

## 1-5-1 മരണപ്പെട്ടവർക്ക് മരണശേഷവും പെൻഷൻ നൽകി

ചെങ്കൽ ഗ്രാമപഞ്ചായത്തിലെ ഏതാനും മരണ രജിസ്ട്രേഷൻ അപേക്ഷകൾ സേവന സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ പെൻഷൻ വാങ്ങിയിരുന്ന വ്യക്തികൾക്ക് മരണപ്പെട്ടതിന് ശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പെൻഷനറുടെ | പെൻഷൻ | പെൻഷൻ | മരണപ്പെട്ട | ഏത് മാസം വരെ | അധികമായി |
|---|---|---|---|---|---|---|

| നം. | പേര് | ഐ ഡി | ഇനം | തീയതി | പെൻഷൻ നൽകിയിരിക്കുന്ന | നൽകിയ തുക |
|---|---|---|---|---|---|---|
| 1 | വിൻസെൻറ് ജെ | 102970200657 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 15-05-2020 | May-2021 | 17200 |
| 2 | റോസമ്മ | 102970200114 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 6-05-2020 | November-2020 | 8100 |
| 3 | എസ്.വേലപ്പൻ | 102970400454 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം | 15-05-2020 | May-2021 | 17200 |
| 4 | ലീല | 102970601071 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 25-05-2020 | November-2020 | 8100 |
| 5 | പ്രകാശി | 102970101660 | കർഷക തൊഴിലാളി പെൻഷൻ | 20-06-2020 | May-2021 | 15900 |
| 6 | ജോയിസ് | 102970101119 | കർഷക തൊഴിലാളി പെൻഷൻ | 18-06-2020 | May-2021 | 15900 |
| 7 | സുന്ദരി | 102970101967 | കർഷക തൊഴിലാളി പെൻഷൻ | 09-06-2020 | May-2021 | 15900 |
| 8 | അമ്മു K | 102970101106 | കർഷക തൊഴിലാളി പെൻഷൻ | 23-07-2020 | May-2021 | 14600 |
| 9 | പി.ബാലകൃഷ്ണൻ | 102970101100 | കർഷക തൊഴിലാളി പെൻഷൻ | 21-08-2020 | December-2020 | 5600 |
| 10 | അപ്പിയമ്മ.എ | 102970100663 | കർഷക തൊഴിലാളി പെൻഷൻ | 5-07-2020 | May-2021 | 14600 |
| 11 | എലിസി | 102970600421 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 5-09-2020 | May-2021 | 11900 |
| | | | | | ആകെ | 1,45,000/- |

# Data As On 16-06-2022

മരണശേഷവും പെൻഷൻ അനവദിച്ച് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.26-ന മറുപടി നൽകിയിട്ടില്ല. ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നം ഒഴിവാക്കാത്തതു മൂഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നം ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അധികമായി നൽകിയിട്ടുള്ള പെൻഷൻ തുകകൾ എത്രയും പെട്ടെന്ന് തിരികെ ഈടാക്കി പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മരണപ്പെട്ട മുഴുവൻ വ്യക്തികളെയും ക്ഷേമ പെൻഷൻ പരിധിയിൽ നിന്നൊഴിവാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കുക. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന.

ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-06-2022 തീയതിയിൽ 12.40 പി.എം സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ഡേ ബുക്ക് പ്രകാരം 11,124/- രൂപയുടെ വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ക്യാഷ് കൗണ്ടറിൽ 11,758/-രൂപ സൂക്ഷിച്ചിരിക്കുന്നു. 634/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. കെട്ടിട നിർമ്മാണ റെഗുലറൈസേഷൻ ഫീ ഒടുക്കിയ ഒരു അപേക്ഷകന്റെ വസ്തു നികുതി ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യാൻ സാങ്കേതിക തകരാർ കാരണം സാധിക്കാത്തതിനാൽ ടി വിവരം അപേക്ഷകനെ ബോധ്യപ്പെടുത്തി തുക സൂക്ഷിക്കുകയും തൊട്ടടുത്ത ദിവസം സാങ്കേതിക പ്രശ്നം പരിഹരിച്ച ശേഷമാണ് രസീത് നൽകാൻ സാധിച്ചതെന്നം ടി വ്യത്യാസത്തിനുള്ള വിശദീകരണമായി അറിയിച്ചിട്ടുണ്ട്. തനത് ദിവസം നടക്കുന്ന ഇടപാടിനേക്കാൾ കൂടുതലോ കുറവോ തുക നീക്കിയിരിപ്പായി ഉണ്ടാകാൻ പാടുള്ളതല്ല. ഡേ ബുക്കിനു അനുസൃതമായി പണം നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 1-7 ആഭ്യന്തര നിയന്ത്രണം.

1) ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം നിർവ്വഹിച്ചിട്ടുണ്ടെങ്കിലും കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തുന്നില്ല.

2) 2004ലെ കേരള പഞ്ചായത്ത്‌രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ടപ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2021-ൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

3) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

4) ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

5) ഫ്രണ്ട് ഓഫീസിൽ ആവശ്യത്തിന് ഇരിപ്പിടങ്ങൾ ഒരുക്കിയിട്ടില്ല. ഫീഡിംഗ് റൂം ഒരുക്കിയിട്ടുണ്ടെങ്കിലും കോവണി കയറിവരുന്ന സ്ഥലമായതിനാൽ പ്രയോജനപ്പെടുത്താൻ സാധിക്കാത്ത നിലയിലാണ്.

6) വർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ ഖണ്ഡികയിൽ ചേർത്തിട്ടുണ്ട്.

7) വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല.

8) കാർഷിക മേഖലയിലെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ബേസിക് ഡാറ്റാ രജിസ്ററർ പരിപാലിച്ചിട്ടില്ല.

## 1-8 തൊഴിലുറപ്പ് പദ്ധതി

ക്യാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 579100 | 2171485 | 2750585 | 2708632 | 41953 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 52316093 | 52316093 | 52316093 | 0 |
| ആകെ | 579100 | 54487578 | 55066678 | 55024725 | 41953 |

ആയത് അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല.

## 1-9 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 18-05-2022 | 08/2021 മുതൽ 03/2022 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| എ. ജി ഓഡിറ്റ് | - | 2011-12 മുതൽ 2015-16 വരെ | 01-07-2016 |

## 1-10 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

ചെങ്കൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-10-1 തൊഴിൽ നികുതി പൂർണമായി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 വർഷത്തെ തൊഴിൽ നികുതി പൂർണമായി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ആദ്യപാദ നികുതി | രണ്ടാം പാദ നികുതി |
|---|---|---|---|
| 1 | ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ | 6150 | ഈടാക്കിയിട്ടില്ല |
| 2 | എസ്. ബി. ഐ ഉദയൻകുളങ്ങര | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 3 | ചെങ്കൽ ഹൗസിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | 3500 | ഈടാക്കിയിട്ടില്ല |
| 4 | ദേവനന്ദ ഓഡിറ്റോറിയം | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 5 | പൂർണ്ണ ഓഡിറ്റോറിയം | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 6 | തൃക്കണ്ണാപുരം ദേവസ്വം ബോർഡ് | 3750 | ഈടാക്കിയിട്ടില്ല |
| 7 | അരയൂർ ദേവസ്വം | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16 ന് നികുതി ഒടുക്കിയ രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി അറിയിച്ചിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പ്രസ്തുത രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-10-2 തൊഴിൽ നികുതി രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല

ചെങ്കൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സ്ഥാപനങ്ങൾ നികുതി ഒടുക്കിയിട്ടുണ്ടെങ്കിലും തൊഴിൽ നികുതി രജിസ്റ്ററിൽ ആയത് സംബന്ധിച്ചുള്ള രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. ആയതിനാൽ രജിസ്റ്റർ പ്രകാരം ടി സ്ഥാപനങ്ങൾക്ക് നികുതി കുടിശ്ശിക ഉള്ളതായി കാണുന്നു. രജിസ്റ്റർ പ്രകാരം ലഭ്യമായിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിന് കാരണം അന്വേഷിച്ചുള്ള ഓഡിറ്റ് എൻക്വയറി നം.16-ന് ലഭ്യമാക്കിയ മറുപടിയിലാണ് ടി സ്ഥാപനങ്ങൾ നികുതി ഒടുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുള്ളത്. പ്രസ്തുത വിവരം രജിസ്റ്ററിൽ ചേർക്കാത്തത് ടി സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന തെറ്റായ വിവരമാണ് നൽകുന്നത്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ആദ്യപാദ നികുതി | രണ്ടാം പാദ നികുതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഗവ. പി. എച്ച്. സി | 1000 | ഈടാക്കിയിട്ടില്ല |
| 2 | ഗവ എൽ. പി. ബി. എസ് | രേഖപ്പെടുത്തിയിട്ടില്ല | 3750 |
| 3 | എൽ. എം. എസ്.എൽ. പി. എസ് അറയൂർ | രേഖപ്പെടുത്തിയിട്ടില്ല | 5000 |
| 4 | ശ്രീകൃഷ്ണാ പബ്ലിക് സ്കൂൾ | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 5 | ബി.ഡി. ഒ പാറശ്ശാല | 2500 | രേഖപ്പെടുത്തിയിട്ടില്ല |
| 6 | Water Supply Section Parassala | 1250 | രേഖപ്പെടുത്തിയിട്ടില്ല |
| 7 | കൃപാ ഹോമിയോ ക്ലിനിക് | 2520 | രേഖപ്പെടുത്തിയിട്ടില്ല |
| 8 | ശങ്കേഴ്സ് ഹോമിയോ ക്ലിനിക് | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 9 | സപ്ലൈക്കോ സൂപ്പർ മാർക്കറ്റ് | രേഖപ്പെടുത്തിയിട്ടില്ല | 2500 |

സ്ഥാപനങ്ങൾ നികുതി ഒടുക്കുന്ന മാത്രയിൽ തന്നെ ആയത് സംബന്ധിച്ച കൃത്യമായ രേഖപ്പെടുത്തൽ രജിസ്റ്ററിൽ വരുത്താൻ ഇനിമേൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-10-3 കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

മുൻവർഷങ്ങളിൽ പിരിച്ചെടുക്കാതെ ബാക്കിയായ നികുതി 'കുടിശ്ശിക ഡിമാൻറ് രജിസ്റ്ററിൽ' ചേർത്ത് പൂർണമായി പിരിച്ചെടുക്കേണ്ടതുണ്ട്. എന്നാൽ ചെങ്കൽ ഗ്രാമപഞ്ചായത്തിൽ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രജിസ്റ്റർ സൂക്ഷിക്കാതിരുന്നാൽ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ കഴിയാതെ വരികയും പിരിച്ചെടുക്കാത്ത കുടിശ്ശിക 3 വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16-ന് ടി വിഷയത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി വരുമാന നഷ്ടം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10-4 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുക്കുകയും പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിനുമേൽ പ്രവൃത്തി നടത്തുകയും ചെയ്ത കരാറുകാരിൽ നിന്നും 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.16ന് ടി വിഷയത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കുക. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

കേരളാ സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22-01-2019-ലെ (സി.എസ്).എ-9-764/19-ാം നമ്പർ കത്തിൽ റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും, തൊഴിൽ നികുതിയും അടയ്ക്കണമെന്ന് നിഷ്കർഷിക്കുന്നതിനാലും, കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിലെ സ്ഥലം ഏതൊരു ആവശ്യത്തിനും

ഉപയോഗിക്കാൻ പാടില്ലായെന്നതിനാലും റേഷൻ കടകളിൽ നിന്നും ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 35-ൽ അധികം റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവരിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 27, 16) റേഷൻ കടകളിൽ നിന്നും തുക ഈടാക്കി ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്യുന്നതാണെന്ന് മറുപടി അറിയിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഡിമാൻഡ് നോട്ടീസ് നൽകി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അവശ്യം വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 സഞ്ചയ സോഫ്റ്റ്‌വെയറിലെ തെറ്റായ രേഖപ്പെടുത്തൽ കാരണം നികുതി നഷ്ടം സംഭവിക്കുന്നു

ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായി രേഖപ്പെടുത്തിയത് വഴി വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി ഈടാക്കുന്നതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണം | ഉപയോഗ ക്രമം | നിലവിൽ ഈടാക്കുന്ന അടിസ്ഥാന നികുതി (വർദ്ധനവ്, ലൈബ്രറി സെസ്സ് തുടങ്ങിയവ ഒഴികെ) | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന നികുതി |
|---|---|---|---|---|---|
| 1 | V/682 | 127.49 ച. മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 50 (127.49 X 50= 6374.5 രൂപ) | 65 (127.49 X65= 8286.85) വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |
| 2 | VI/130 C | 265.21 ച. മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 50 (265.21 X 50= 13260.5 രൂപ) | 65 (265.21 X 65 = 17238.65) വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ) |
| 3 | XI/287 B | 135.56 ച. മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 50 (135.56 X 50= 6778 രൂപ) | 65 (135.56 X 65= 8811.4) വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.45-ന് തുക കുറവ് വന്നത് സംബന്ധിച്ച വിവരം പുനഃപരിശോധിച്ച് തുക ഒടുക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമം കൃത്യമായി രേഖപ്പെടുത്തി വരുമാന നഷ്ടം സംഭവിക്കുന്നില്ല എന്നുറപ്പ് വരുത്തുകയും നികുതി കൃത്യമായി പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്. മേൽപ്പറഞ്ഞ കെട്ടിടങ്ങളിൽ നിന്നും നികുതി കൃത്യമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുക.

## 1-13 വാടക ഇനത്തിൽ വൻ തുകയുടെ വരുമാന നഷ്ടം സംഭവിക്കുന്നു

ഗ്രാമപഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കടമുറികൾ വാടകയ്ക്ക് എടുത്ത വ്യക്തികളിൽ നിന്നും വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കട മുറി | വാടകക്കാരന്റെ പേര് | മാസവാടക | 2020-21 ലെ കുടിശ്ശിക |
|---|---|---|---|---|
| 1 | റൂം നം.5 | നാഗപ്പൻ നായർ | 1065 | 1065x12= 12780 |
| 2 | റൂം നം. 10 | ടെല്ലസ് | 1065 | 1065x12= 12780 |
| 3 | റൂം നം. 14 | സരസ്വതി | 3328 | 3328x12= 39936 |
| 4 | റൂം നം. 17 | ശ്രീലത | 1730 | 1730x12= 20760 |
| 5 | റൂം നം. 18 | ശ്രീലത | 3328 | 3328x12= 39936 |
| 6 | റൂം നം. 19 | ശിവകുമാർ | 3328 | 3328x12= 39936 |
| 7 | റൂം നം. 20 | പ്രഭാകരൻ | 3328 | 3328x12= 39936 |
| 8 | റൂം നം. 21 | കുമാർ S | 666 | 666x12= 7992 |
| 9 | റൂം നം. 22 | ശ്രീലത | 666 | 666x12= 7992 |
| 10 | റൂം നം. 23 | ശിവനാഥ് | 666 | 666x12= 7992 |
| 11 | റൂം നം. 24 | ശിവനാഥ് | 1065 | 1065x12= 12780 |
| 12 | റൂം നം. 25 | നാഗപ്പൻ നായർ | 1065 | 1065x12= 12780 |
| 13 | റൂം നം. 26 | ശിവനാഥ് | 666 | 666x12= 7992 |
| 14 | റൂം നം. 29 | പ്രഭാകരൻ | 666 | 666x12= 7992 |
| | | | ആകെ | 2,71,584/- |

വാടക ഈടാക്കാത്തതിന് കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13 ന റൂം നം. 10, 14, 17, 18, 20, 21, 22, 29 എന്നിവയുടെ വാടക സംബന്ധിച്ച കേസ് ഹൈക്കോടതിയിൽ നിലവിലുള്ളതുകൊണ്ടാണ് വാടക ഈടാക്കാൻ സാധിക്കാത്തതെന്ന് മറുപടി അറിയിച്ചിട്ടുണ്ട്. മറ്റ് വാടകക്കാരിൽ നിന്നും വാടക ഈടാക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. ടി വ്യക്തികളിൽ നിന്നും വാടക മുഴുവനായി ഈടാക്കി പ്രസ്തുത രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2014 മുതൽ ഹൈക്കോടതിയിൽ നിലവിലുള്ള കേസുമായി ബന്ധപ്പെട്ട് ഓഡിറ്റിനെ ധരിപ്പിച്ചിട്ടുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

10% വാർഷിക വർദ്ധനവ് വരുത്തുന്നതിന് പകരം വാടക ക്രമാതീതമായി വർദ്ധിപ്പിച്ചതിനാലാണ് ആവലാതിക്കാർ 2014-ൽ കോടതിയെ സമീപിച്ചത്. ഈടാക്കിയിരുന്ന വാടക തീരെ കുറവായിരുന്നതിനാലാണ് ഇത്തരത്തിൽ വർദ്ധനവ് വരുത്തിയതെന്നാണ് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വിശദീകരണം. കേസ് കോടതിയുടെ പരിഗണനയിലായതിനാൽ പുതുക്കിയ വാടക പ്രകാരമുള്ള തുക ഒടുക്കാൻ വാടകക്കാർ സന്നദ്ധരായിട്ടില്ല. ഇക്കാരണത്താൽ 2014-15 മുതൽ ടി വ്യക്തികളിൽ നിന്നും വാടക ഈടാക്കാൻ കഴിഞ്ഞിട്ടില്ല. നാളിതുവരെ വാടകയിനത്തിൽ വരുമാനമായി ലഭിക്കേണ്ട വൻ തുക ഇത്തരത്തിൽ നഷ്ടമായിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിന് ശേഷം കരാർ പുതുക്കിയിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. കരാർ പുതുക്കിയിട്ടില്ലാത്ത പക്ഷം, കോടതി നടപടി പ്രതികൂലമായാൽ വാടകക്കാർ കുടിശ്ശിക ഒടുക്കാതെ കടമുറികൾ ഒഴിഞ്ഞ് പോവുകയാണ് ചെയ്യുന്നതെങ്കിൽ നാളിതുവരെയുള്ള വാടക പഞ്ചായത്തിന് നഷ്ടമാകാനുള്ള സാധ്യത നിലനിൽക്കുന്നു. ടി സാഹചര്യത്തിൽ വരുമാന നഷ്ടം ഒഴിവാക്കാൻ നിരക്ക് വർദ്ധനവിന് മുന്നെയുള്ള വാടക ടി വ്യക്തികളിൽ നിന്നും ഓരോ വർഷവും 10% വർദ്ധനവ് നടത്തി ഈടാക്കുകയും കോടതി വിധി വരുന്ന മുറയ്ക്ക് ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 ലക്ഷം വീട് കോളനി നവീകരണം, നിർമ്മാണ പ്രവർത്തി സംബന്ധമായ വിവരങ്ങൾ ലഭ്യമല്ല

| നിർവ്വഹണോദ്യോഗസ്ഥൻ | VEO (A സർക്കിൾ ) |
|---|---|
| പദ്ധതി,നം | ലക്ഷം വീട് കോളനി നവീകരണവും സമഗ്ര വികസനവും, 38/21 |
| അടങ്കൽ തുക | 3060000<br>1224000 വികസന ഫണ്ട്-scp<br>612000- ബ്ളോക്ക് പഞ്ചായത്ത് വിഹിതം<br>1224000- മറ്റ് ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് തുക | 2000000<br>ബിൽ നം.-5/20-21, 23-09-2020- 550000<br>ബിൽ നം.-7/20-21, 23-09-2020 -550000<br>ബിൽ നം.-09/20-21, 23-12-2020 – 75000<br>ബിൽ നം.-11/20-21, 11-01-2021 – 415000<br>ബിൽ നം.-13/20-21/4-03-2021- 280000<br>ബിൽ നം.-16/20-21, 29-03-2021- 40000<br>ബിൽ നം.-17/20-21/ |

| | | |
|---|---|---|
| | | 29-03-2021-50000<br>ബിൽ നം.-20/20-21,<br>30-03-2021-ജ40,000 |

ലക്ഷംവീട് കോളനിയിലെ 20 കുടുംബങ്ങളുടെ വീട് വാസയോഗ്യമാക്കുക എന്ന ലക്ഷ്യത്തിൽ 30,60,000/-രൂപ വകയിരുത്തി പദ്ധതി നിർവ്വഹിച്ചിട്ടുണ്ട്. ടി പദ്ധതി വഴി 13 ഗുണഭോക്താക്കൾക്ക് ഗഡുക്കളായി ആകെ 20,00,000/-രൂപ കൈമാറിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് എല്ലാ അപേക്ഷകളോടൊപ്പവും സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ കൈമാറിയ തുക ഉപയോഗിച്ച് ചെയ്തിട്ടുള്ള നിർമ്മാണ പ്രവർത്തി എന്താണെന്നത് ലഭ്യമായ രേഖകൾ പ്രകാരം വ്യക്തമല്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | 2020-21 സാമ്പത്തിക വർഷം കൈമാറിയ ആകെ തുക | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ | വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ലഭ്യമായിട്ടുള്ള വിവരങ്ങൾ | മോണിറ്ററിംഗ് റിപ്പോർട്ട് പ്രകാരം ലഭ്യമായിട്ടുള്ള വിവരങ്ങൾ |
|---|---|---|---|---|
| പാലയ്യൻ | 170000 | കമ്പി, സിമന്റ് - 25000, കൂലി 75000, മണൽ-30000, ചുടുകല്ല്-12000, മറ്റ് പണികൾ80000, മെറ്റൽ-8000, തടി-120000. ആകെ 230000 | ടി വ്യക്തി 220000 രൂപയുള്ള പ്രവ്യത്തി നിർവ്വഹിച്ചിട്ടുണ്ട് | നവീകരണ പ്രവ്യത്തികൾ പ്രോജക്റ്റിൽ പറഞ്ഞിരിക്കുന്നതിൻ പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട് |
| ബെൽസിഭായ് | 170000 | കമ്പി, സിമന്റ്, മെറ്റൽ - 50000, കൂലി 75000, മണൽ- 28000 തടി-50000<br>വയറിംഗ്, സാനിറ്ററി ഫിറ്റിംഗ്സ്- 30000<br>ആകെ 233000 | ടി വ്യക്തി 200000 രൂപയുള്ള പ്രവ്യത്തി നിർവ്വഹിച്ചിട്ടുണ്ട് | നവീകരണ പ്രവ്യത്തികൾ പ്രോജക്റ്റിൽ പറഞ്ഞിരിക്കുന്നതിൻ പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട് |
| രാജമ്മ | 170000 | കമ്പി, സിമന്റ്, മെറ്റൽ - 60000, കൂലി 75000, മണൽ- 28000 തടി-60000<br>വയറിംഗ്, സാനിറ്ററി ഫിറ്റിംഗ്സ്- 40000<br>ആകെ 263000 | ടി വ്യക്തി 220000 രൂപയുള്ള പ്രവ്യത്തി നിർവ്വഹിച്ചിട്ടുണ്ട് | മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല. |

ഭൂരിഭാഗം അപേക്ഷകളിലെ എസ്റ്റിമേറ്റിലും വാല്യുവേഷൻ സർട്ടിഫിക്കറ്റിലും മോണിറ്ററിംഗ് റിപ്പോർട്ടിലും നിർവ്വഹിക്കുന്ന/നിർവ്വഹിച്ച പ്രവൃത്തി സംബന്ധമായ രേഖപ്പെടുത്തലുകളില്ല. ലഭ്യമായ രേഖകളിൽ ഗഡുക്കളായി ലഭിച്ച തുക എപ്രകാരമാണ് ഗുണഭോക്താക്കൾ വിനിയോഗിച്ചതെന്നത് വ്യക്തമല്ല. ടി വിവരങ്ങളുടെ അഭാവത്തിൽ ഗഡുക്കൾ അനുവദിച്ചതിന്റെ മാനദണ്ഡം സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ:17-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരങ്ങളുടെ അഭാവത്തിൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി എന്തെങ്കിലും തരത്തിലുള്ള നിർമ്മാണ പ്രവൃത്തിക്കായി ഗുണഭോക്താക്കൾ പദ്ധതി തുക വിനിയോഗിച്ചിട്ടുണ്ടോ എന്നത് പരിശോധിയ്ക്കാൻ കഴിഞ്ഞിട്ടില്ല. നിർമ്മാണ പ്രവൃത്തികൾ സംബന്ധമായ കൃത്യമായ വിവരങ്ങൾ ഫയലിൽ ഉൾക്കൊള്ളിക്കാൻ ഇനിമേൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ലൈഫ് ഭവന നിർമ്മാണം: ഒരേ ഗുണഭോക്താക്കൾക്ക് പദ്ധതി വിഹിതം നൽകാൻ 3 പ്രോജക്ടുകൾ നിർവ്വഹിച്ചിരിക്കുന്നു.

| | നിർവ്വഹണോദ്യോഗസ്ഥൻ: VEO (A സർക്കിൾ ) | | |
|---|---|---|---|
| ക്രമ നം | പദ്ധതി,നം | അടങ്കൽ | ചെലവ് |
| 1 | ലൈഫ് ഭവന നിർമ്മാണം 269/21 (SO) | 25847989 | 10540000 |
| 2 | ലൈഫ് ഭവന നിർമ്മാണം, 270/21 (SO) | 15590822 | 9560822 |
| 3 | ലൈഫ് ഭവന നിർമ്മാണം, 28/21 (SO) | 7059527 | 2488277 |

ലൈഫ് ഭവന പദ്ധതിയ്ക്കായി 2020-21 സാമ്പത്തിക വർഷം ആകെ 3 പദ്ധതികൾ തുക വകയിരുത്തി നിർവ്വഹിച്ചിട്ടുണ്ട്. (പ്രോജക്ട് നം. 28/21, 269/21, 270/21 ) 3 പദ്ധതിയിലും ഒരേ ഗുണഭോക്താക്കൾ തന്നെയാണ് ഉൾപ്പെട്ടിട്ടുള്ളതും. ഒരു ഗുണഭോക്താവിന് തുക കൈമാറുമ്പോൾ 3 പദ്ധതി വഴിയും ഗഡുക്കൾ അനുവദിച്ചിട്ടുണ്ട്. ഒരേ ഗുണഭോക്താക്കൾക്ക് പദ്ധതി വിഹിതം നൽകാൻ 3 പദ്ധതികളുടെ അവശ്യകത വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.46-ന ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച് കിട്ടുന്നത് പ്ലാൻ ഫണ്ടിൽ നിന്നും HUDCO ലോൺ വഴിയും സ്റ്റേറ്റ് ഫണ്ടിൽ നിന്നുമായതിനാലാണ് ഈ മൂന്ന് വിഹിതത്തിനുമായി മൂന്നു പ്രോജക്ടുകൾ ലൈഫ് ഭവന പദ്ധതിയ്ക്ക് ഉൾപ്പെടുത്തിയതെന്നാണ് മറുപടി അറിയിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള പദ്ധതി നിർവ്വഹണം ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുന്ന ഗഡുക്കൾ സംബന്ധിച്ചുള്ള കാര്യങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്. വരും വർഷങ്ങളിൽ ഒരൊറ്റ പ്രോജക്ടായി തുക വകയിരുത്തി പ്രസ്തുത പദ്ധതി നിർവ്വഹിക്കാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-16 ലൈഫ് ഭവന പദ്ധതി : ഗുണഭോക്താവിന് 6290/-രൂപ അധികമായി നൽകി.

| നിർവ്വഹണോദ്യോഗസ്ഥൻ | VEO (A സർക്കിൾ ) |
|---|---|
| പദ്ധതി,നം | ലൈഫ് ഭവന നിർമ്മാണം 269/21 (SO)<br>ലൈഫ് ഭവന നിർമ്മാണം, 270/21 (SO)<br>ലൈഫ് ഭവന നിർമ്മാണം, 28/21 (SO) |

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താവായ പ്രസന്ന കുമാരി.എസ് എന്ന വ്യക്തിക്ക് മേൽപ്പറഞ്ഞിരിക്കുന്ന 3 പദ്ധതികൾ വഴി ഭവന നിർമ്മാണത്തിനായി തുക നൽകിയിട്ടുണ്ട്. ടി ഗഡുക്കൾ സംബന്ധമായ രേഖകൾ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ടി വ്യക്തിക്ക് ഭവന നിർമ്മാണത്തിനായി ആകെ 4,06,290/- രൂപ കൈമാറിയിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ടി പദ്ധതികൾ വഴി മറ്റു ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ള തുക 4,00,000/- രൂപയിൽ അധികരിച്ചിട്ടില്ല. ഒരു ഗുണഭോക്താവിന് മാത്രമായി കൂടുതൽ തുക അനുവദിച്ചതിന്റെ കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.46-ന് 6290/- രൂപ അധികമായി നൽകിയതാണെന്നും ക്ലറിക്കൽ പിഴവുമൂലം സംഭവിച്ചതാണ് ടി പിഴവെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി

അറിയിച്ചിട്ടുണ്ട്. ടി വിവരം ഓഡിറ്റ് ചൂണ്ടികാട്ടിയതിനെ തുടർന്ന് അധികമായി കൈപ്പറ്റിയ തുക ഗുണഭോക്താവ് 1220301173/ G011101 എന്ന രസീത് പ്രകാരം 18-06-2022-ൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുകയും പ്രസ്തുത രസീത് നിർവ്വഹണോദ്യോഗസ്ഥ പരിശോധനയ്ക്കായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം പിഴവുകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ അതീവ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-17 ഐ.സി.ഡി.എസ്-കേന്ദ്രവിഹിതമിനത്തിലെ നീക്കിയിരിപ്പ് കുറവായി രേഖപ്പെടുത്തിയിരിക്കുന്നു.

ഐ.സി.ഡി.എസ് സെൻട്രൽ ഷെയർ എന്നയിനത്തിൽ (ഹെഡ് കോഡ് 320100196) ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ്, ധനകാര്യപത്രിക എന്നിവ പ്രകാരമുള്ള മുന്നിരിപ്പ്, വരവ് , ചെലവ് , നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം | 2059396 | 1190575 | 1500000 | 1749940 |
| ധനകാര്യപത്രിക പ്രകാരം | 1233393 | 1204851 (14276+190575) | 1364933 | 429018 (0+429018) |

നീക്കിയിരിപ്പ്

സൂപ്പർവൈസർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിലെ തുകയും പഞ്ചായത്തിന്റെ തൻവർഷ നീക്കിയിരിപ്പും തമ്മിൽ 13 ലക്ഷം രൂപയിലധികം വ്യത്യാസമുണ്ട്. പഞ്ചായത്തിന്റെ തനത് ഫണ്ടിലും ICICI ബാങ്ക് (ICDS)-ലും ഉള്ള നീക്കിയിരിപ്പുകൾ പരിശോധിച്ച് സൂപ്പർവൈസർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തി നീക്കിയിരിപ്പ് ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ചെലവ്

ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ കാഷ് ബുക്ക് പ്രകാരം അനുപൂരക പോഷകാഹാരം എന്ന പ്രോജക്ടിന്റെ ചെലവ് 15,00,000/- ആണ്. എന്നാൽ സുലേഖ പ്രകാരം ആയത് 13,64,933/- രൂപ ആണ്. ( കാഷ് ബുക്ക് പ്രകാരമുള്ള 27.03.21 ലെ 1,35,067/- എന്ന തുകയുടെ വിശദാംശങ്ങൾ സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല. )

യഥാർത്ഥ ചെലവ് 15 ലക്ഷം രൂപയാണെന്നും ചെലവിനത്തിലെ 1,35,067/-രൂപ സുലേഖ സോഫ്റ്റ്‌വെയറിൽ എൻട്രി വരാത്തതിനാലാണെന്നുമാണ് അപാകതകയ്ക്ക് ഐസിഡിഎസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി നം 06/10.06.2022) .

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-18 ഹഡ്കോ എസ്.സി.പി ഫണ്ടിനത്തിൽ ലോൺ ലഭ്യമായിട്ടില്ല- തിരിച്ചടവിനത്തിൽ (ജി.ഒ പ്രോജക്ട് ) തുക കുറവ് ചെയ്ത് സർക്കാർ ഫണ്ട് ലഭ്യമായി.

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഹഡ്കോ ലോൺ രജിസ്റ്റർ പ്രകാരവും വി.ഇ.ഒ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരവും ലൈഫ് മിഷൻ വായ്പ (എസ്.സി.പി) ഫണ്ടിനത്തിൽ തുകയൊന്നും ലഭ്യമായിട്ടില്ല ( (ഭവനപദ്ധതി എസ് സി പ്രോജക്ടിന് മതിയായ തുക പ്ലാൻ ഫണ്ടിൽ ഉള്ളതിനാലും എസ് സി ഗുണഭോക്താക്കൾ കുറവായതിനാലും ഹഡ്കോ ലോൺ എസ് സി ഫണ്ട് ആവശ്യമില്ലാത്തതാകുന്നു. എന്നാണ് വായ്പാ വരവ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 23/15.06.2022) വി.ഇ.ഒ മറുപടി ലഭ്യമാക്കിയത് )). പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വിഹിതത്തിൽ നിന്നും വായ്പ തിരിച്ചടവിനത്തിൽ 45,03,000/-രൂപ കുറവുവരുത്തിയാണ് 2020-21 വർഷം എസ്.സി.പി ഫണ്ട് സർക്കാർ ലഭ്യമാക്കിയിരിക്കുന്നത് ( ഗ്രാന്റ് സ്റ്റേറ്റ്മെന്റ പ്രകാരം ). ഈയിനത്തിൽ സർക്കാർ 45,03,000/-രൂപ സ്രോതസിൽ നിന്നും കുറവു വരുത്തിയെങ്കിലും, പഞ്ചായത്തിൽ രൂപീകരിക്കേണ്ടിയിരുന്ന ജി.ഒ പ്രോജക്ടുകൾ രൂപീകരിച്ചിട്ടില്ല . ധനകാര്യപത്രികയിൽ Loan Repayment – SCP ഇനത്തിൽ 1,90,235/-രൂപ ഡെബിറ്റ് ചെയ്തിട്ടുണ്ട് ( 330500202 Secured Loans – Loan From HUDCO )

അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 22) മറുപടി ലഭ്യമാക്കിയിട്ടില്ല.

മുൻവർഷങ്ങളിലും ഇപ്രകാരം ലൈഫ് ലോൺ തിരിച്ചടവ് (എസ്.സി.പി) ഫണ്ടിനത്തിൽ തുക കുറവുവരുത്തിയാണോ സർക്കാർ പഞ്ചായത്തിന് ലഭ്യമാക്കിയത് എന്ന് പരിശോധിക്കേണ്ടതും അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി നാളിതുവരെ ഈയിനത്തിൽ കുറവായി ലഭിച്ച തുക തിരികെ ലഭ്യമാക്കുന്നതിന് അപേക്ഷിക്കേണ്ടതുമാണ്. ലോൺ തുകയുടെ ആകെ വരവ്, തിരിച്ചടവ്, തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക എന്നിവയുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ തയാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 നിലവിലില്ലാത്ത ഐ. പി യുടെ പ്രവർത്തനത്തിനായി വേതനം നല്കി- 7,20,000/ തുക അധികച്ചെലവ്.

*1 )ഐ.പി.നിലവിലില്ലെങ്കിലും ഐ പി സ്റ്റാഫിന് വേതനം*

ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ സി.എച്ച്.സി. മാറി എഫ്.എച്ച്.സി ആയി, കിടത്തി ചികിത്സ നിർത്തലാക്കിയെങ്കിലും ഐ.പി.ക്കു വേണ്ടി നിയമിതരായ 6 ജീവനക്കാർക്ക് 20-21 ലും 12000/രൂപ വീതം തനതു ഫണ്ടിൽ നിന്നും നല്കി വരുന്നു. ഇത്തരത്തിൽ പ്രവർത്തനം ഇല്ലാത്ത IP ക്കു വേണ്ടി ചെലവഴിച്ച 7,20,000/-രൂപയുടെ ചെലവിന്റെ വിശദവിവരം ഓഡിറ്റിൽ ലഭ്യമായിട്ടില്ല.

പ്രോജക്ട് നം,പേര്- 196/21

അടങ്കൽ തുക - 7,20,000/

ചെലവ് - 7,20,000/

ഫണ്ട് -തനത്

ബിൽ നമ്പർ

1. 90/1.06.20 രൂ.60000/- ,
2. 104/1.06.20 രൂ.60000/-
3. 126/13.07.2020 രൂ.60000/-
4. 157/17.08.2020 രൂ.60000/-
5. 170/9.9.2020, രൂ.60000/-
6. 198/10.10.2020 രൂ.60000/-
7. 221/10.11.2020 രൂ.60000/-
8. 255/01.01.2021 രൂ.60000/-
9. 281/12.01.2021, രൂ.60000/-
10. 337/05.02.2021, രൂ.60000/-
11. 389/23.03.2021, രൂ.60000/-
12. 418/27.03.2021 രൂ.60000/-

നിർവഹണം- മെഡിക്കൽ ഓഫീസർ

ഇതുമായി ബന്ധപ്പെട്ട് നല്കിയ എൻക്വയറിക്ക് (No 21/18.6.22) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അടിയന്തിരമായി ഇതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ ഹാജരാക്കാത്തപക്ഷം തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-20 ട്രഷറി ബിൽ ബുക്ക് പ്രകാരം പാസാക്കിയ തുകകൾ ഗ്രാമ പഞ്ചായത്തിലെ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

2020-21 സാമ്പത്തിക വർഷം ട്രഷറി ബിൽ നം 1, 2 എന്നിവ പ്രകാരം ചെലവഴിച്ച തുകകൾ ടി സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിലെ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത പ്രോജക്ട് സംബന്ധമായ വിവരങ്ങളുമില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | തുക | ബിൽ നം | തീയതി |
|---|---|---|---|---|
| 1 | കാലിത്തൊഴുത്ത് നിർമ്മാണം (SC വനിത) 153/20 | 90000 | 1/20-21 | 15-04-2020 |
| 2 | കാലിത്തൊഴുത്ത് നിർമ്മാണം (SC | 30000 | 2/20-21 | 28-04-2020 |

| | | | | | |
|---|---|---|---|---|---|
| | വനിത)85/20 | | | | |

ചെലവ് സംബന്ധമായ വിവരങ്ങൾ 2020-21-ലെ ചെലവ് പത്രികയിൽ ഉൾപ്പടാത്തതിന് കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9 ന് ചെലവ് പത്രികയിൽ ടി വിവരങ്ങൾ ഉൾപ്പെടാത്തതിന്റെ കാരണം വ്യക്തമല്ല എന്നും ഇക്കാര്യം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ചെലവ് പത്രിക പൂർണവും കൃത്യവുമല്ല എന്നാണ് ഇതിൽ നിന്നും മനസിലാകുന്നത്. ഒരു സാമ്പത്തിക വർഷം നടത്തുന്ന ചെലവുകൾ എല്ലാം തന്നെ ചെലവ് പത്രികയിൽ ഉൾപെടുത്തേണ്ടതുണ്ട്. അതിനു വീഴ്ച സംഭവിച്ചിട്ടുള്ളത് ഗുരുതരമായ പിഴവാണ്. ടി വിഷയം സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 ക്രമ രഹിതമായി വൗച്ചറുകൾ സൂക്ഷിച്ചിരിക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഓരോ മാസത്തെയും വൗച്ചറുകൾ തീയതിയുടെയോ വൗച്ചർ നമ്പറിന്റെയോ അടിസ്ഥാനത്തിൽ അല്ല ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ക്രമരഹിതമായി ലഭ്യമാക്കിയതിനാൽ ആകെ ഏപ്രിൽ, മെയ്, ജൂൺ എന്നീ മാസത്തെ വൗച്ചറുകൾ മാത്രമാണ് പരിശോധിക്കാൻ സാധിച്ചത്. ചെലവ് സംബന്ധിച്ച കൃത്യത പൂർണ്ണമായി പരിശോധിച്ച് ബോധ്യപ്പെട്ടവാൻ കഴിഞ്ഞിട്ടില്ല.

2. ലഭ്യമാക്കിയിട്ടുള്ള ബിൽ രജിസ്റ്ററിൽ ചെക്ക് നമ്പരുകൾ ക്രമ പ്രകാരമല്ല എഴുതി സൂക്ഷിച്ചിട്ടുള്ളത്. ഓരോ മാസത്തെയും ചെലവുകൾ വൗച്ചർ നമ്പറിന്റെയോ ചെക്ക് നമ്പറിന്റെയോ അടിസ്ഥാനത്തിൽ അല്ല രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ടി പ്രവണത ചെലവ് സംബന്ധമായ കാര്യങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്. രജിസ്റ്ററിൽ ഉൾപ്പെടുത്താത്ത ഏതെങ്കിലും ചെക്ക് മുഖേനെ തുക പിൻവലിക്കപ്പെട്ടിട്ടുണ്ടോ എന്നത് ആയതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചെക്കുകൾ ക്രമരഹിതമായി ഉൾപ്പെടുത്തിയിരിക്കുന്നതിന് വിശദീകരണം നൽകേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.42 ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

"ഒരു ബിൽ സെക്രട്ടറിയുടെ പേയ്മെന്റ് ഓഡർ ലഭിച്ചാൽ പഞ്ചായത്തിലെ സാഹചര്യം അനുസരിച്ച് ചെക്ക് എഴുതി നൽകാറുണ്ട്. എന്നാൽ ടി പേയ്മെന്റ് ഓർഡറിന് ശേഷം പേയ്മെന്റ് അപ്രൂവ് ചെയ്യാൻ സെക്രട്ടറിയുടെ തിരക്ക് കാരണം താമസിക്കാറുണ്ട്. എന്നാൽ പേയ്മെന്റ് അപ്രൂവ് ചെയ്യുമ്പോഴാണ് പേയ്മെന്റ് വൗച്ചർ ജനറേറ്റ് ചെയ്ത് വരുന്നത്. ഇനി മുതൽ പേയ്മെന്റ് അപ്രൂവ് ചെയ്തതിന് ശേഷമേ ചെക്ക് Issue ചെയ്യുകയുള്ളൂ എന്നും വൗച്ചറുകൾ ക്രമമായി സൂക്ഷിച്ചുകൊള്ളാമെന്നും അറിയിക്കുന്നു."

ടി മറുപടി അംഗീകരിക്കാവുന്നതല്ല. ക്രമ രഹിതമായി വൗച്ചറുകൾ കൈകാര്യം ചെയ്തത് വഴി പഞ്ചായത്തിലെ വൗച്ചറുകൾ സൂക്ഷിക്കുന്നതിലും ബിൽ രജിസ്റ്റർ പരിപാലിക്കുന്നതിലും തീർത്തും നിരുത്തരവാദപരമായ സമീപനമാണ് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ചെക്കുകൾ ക്രമരഹിതമായി ബിൽ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ഏതെങ്കിലും ചെക്കുകൾ ബിൽ രജിസ്റ്ററിൽ ചേർത്തില്ലെങ്കിൽ പോലും ഒറ്റ നോട്ടത്തിൽ തിരിച്ചറിയാൻ പറ്റാത്ത അവസ്ഥയാണ് നിലവിലുള്ളത്. പഞ്ചായത്തിലെ ചെക്കുകൾ ദുരുപയോഗം ചെയ്യപ്പെടാനുള്ള അപകടകരമായ സാധ്യത നിലനിൽക്കുന്നു.

3. ഏപ്രിൽ, മേയ്, ജൂൺ മാസത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ വൗച്ചറിന്റെ തീയതിയും ചെക്കിന്റെ തീയതിയും തമ്മിൽ അന്തരമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം./ തീയതി | തുക | ചെക്ക് നം/ തീയതി | ബിൽ രജിസ്റ്ററിലെ തീയതി |
|---|---|---|---|
| 22000199/ 01-06-2020 | 10107 | 028127/ 6-05-2020 | 27-05-2020 |
| 22000166/22-05-2020 | 22050 | 028009/07-05-2020 | 19-05-2020 |
| 22000266/24-06-2020 | 28249 | 028190/5-06-2020 | 05-06-2020 |
| 22000303/14-07-2020 | 7800 | 968307/18-06-2020 | 18-06-2020 |
| 22000304/ 14-07-2020 | 9650 | 968307/ 18-06-2020 | 18-06-2020 |
| 22000323/ 14-07-2020 | 93761 | 0968310/ 22-06-2020 | 25-06-2020 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.44 നും മേൽപ്പറഞ്ഞ അതേ മറുപടി തന്നെയാണ ലഭ്യമാക്കിയിട്ടുള്ളത്. പേയ്മെന്റ് അപ്രൂവ് ചെയ്തതിന് ശേഷം മാത്രം ചെക്ക് Issue ചെയ്യാൻ ഇനിമേൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ചെലവ് സംബന്ധമായ രേഖകൾ ഹാജരാക്കിയില്ല. 93,761/- രൂപ തടസ്സപ്പെടുത്തുന്നു.

ചുവടെ ചേർക്കുന്ന വൗച്ചർ പ്രകാരമുള്ള ചെലവ് സംബന്ധമായ ഫയൽ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.44 വഴി ആവശ്യപ്പെട്ടെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| വൗച്ചർ നം./ തീയതി | തുക | ചെക്ക് നം/ തീയതി | റിമാർക്ക്സ് |
|---|---|---|---|
| 22000323/ 14-07-2020 | 93761 | 0968310/ 22-06-2020 | പ്രോജക്റ്റ് നം. 215/2019 |

അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ള ടി തുക സംബന്ധമായ വിവരങ്ങൾ പഞ്ചായത്തിലെ ചെലവ്

പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ള തുക പഞ്ചായത്തിലെ ചെലവ് പത്രികയിൽ ഉൾപ്പെടാതെ വന്നത് പരിശോധിച്ച് മേലിൽ ഇത്തരം നടപടി ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണ് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.44 ന മറുപടിയായി അറിയിച്ചിട്ടുള്ളത്. ചെലവ് രേഖകളുടെ അഭാവത്തിൽ ടി വൗച്ചർ പ്രകാരം ചെലവ് ചെയ്ത 93,761/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003 കേരള പഞ്ചായത്ത്‌രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രകൃതിക്ഷോഭങ്ങൾ, അഗ്നിബാധ, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന നിർദ്ധനരായ പഞ്ചായത്തു നിവാസികൾക്ക് അടിയന്തിരസഹായം നൽകുന്നതിനായി ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500/-രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇത്തരത്തിലൊരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.02/09.06.2022). ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ് . തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-24 എംബുക്ക് പ്രകാരമുള്ള ബിൽ ഹാജരാക്കിയില്ല-55,000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

ബിൽ പ്രകാരം നടന്ന ചെലവിന്റെ രേഖ ഓഡിറ്റിനായി ഹാജരാക്കിയില്ല.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 310/20-21 |
| Project Name | Sheet Roofing In Panchayath Office |
| Est No | 2020/61966 |
| Ts No | 21562/20-21, 5,00,000/- |
| Contractor Name | Sajeev Kumar |
| Mbook No | 86/20-21 |
| Bill No | 134/20-21, 4,97,395/-, 29.3.2021 |
| Fund | CFC Grant |
| Tender Below | 0.5 % Below |

ടി പ്രവർത്തി No.2(4), 08.09.2020 തീരുമാന പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. അതിൽ എസ്റ്റാ ഐറ്റം-2 ആയി Aluminium Fabrication For Doors (As Per Bill) എന്ന ഇനം ഉൾപ്പെടുത്തുകയും, പേജ് നം 31 പ്രകാരം 55,000/-രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫയലിൽ ആയതിന്റെ ബിൽ ഉൾപ്പെടുത്തി കാണുന്നില്ല. ആയത് പരിശോധനക്കായി ഹാജരാക്കുന്നതിനായി 17.06.2022 തീയതി ഓഡിറ്റ് എൻക്വയറി നം.-33 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ടി ഇനത്തിൽ ചെലവായ 55,000/-രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു. അവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-25 ഉയർന്ന തുകക്കുള്ള പ്രവൃത്തികൾ ടെൻഡർ നടപടി ക്രമം പാലിക്കാതെ ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നടപ്പിലാക്കുന്നു-ഭാവിയിൽ ഇത്തരം പ്രവണതകൾ ഒഴിവാക്കേണ്ടതാണ്.

2020-21 വർഷത്തിൽ ഒട്ടനവധി മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നടപ്പിലാക്കിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ പറയുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | അടങ്കൽ തുക | ബിൽ തുക | നടപ്പിലാക്കിയത് |
|---|---|---|---|---|
| 1 | 52/20-21 | 499812 | 427038 | ബാൽരാജ് (പാടശേഖര സമിതി) |
| 2 | 78/20-21 | 373942 | 373901 | കരിക്കരി പാടശേഖര സമിതി |
| 3 | 57/20-21 | 500000 | 499999 | ഗിൽബർട്ട് (പാടശേഖര സമിതി) |
| 4 | 308/20-21 | 1445130 | 1445130 | ഋഷികേശൻ നായർ |
| 5 | 254/20-21 | 963500 | 963391 | ഋഷികേശൻ നായർ |
| 6 | 63/20-21 | 500000 | 499710 | കരിക്കരി പാടശേഖര സമിതി |
| 7 | 61/20-21 | 500000 | 416000 | കരിക്കരി പാടശേഖര സമിതി |
| 8 | 68/20-21 | 300000 | 254856 | കരിക്കരി പാടശേഖര സമിതി |
| 9 | 64/20-21 | 500000 | 499866 | കരിക്കരി പാടശേഖര സമിതി |
| 10 | 62/20-21 | 1000000 | 985370 | കരിക്കരി പാടശേഖര സമിതി |
| 11 | 75/20-21 | 500000 | 498626 | കരിക്കരി പാടശേഖര സമിതി |
| 12 | 67/20-21 | 600000 | 594740 | കരിക്കരി പാടശേഖര സമിതി |
| 13 | 70/20-21 | 1000000 | 999984 | കരിക്കരി പാടശേഖര സമിതി |
| 14 | 119/20-21 | 650000 | 649962 | വലിയറത്തല പാടശേഖര സമിതി |
| 15 | 113/20-21 | 1000000 | 999868 | മേലാമകം പാടശേഖര സമിതി |
| 16 | 134/20-21 | 500000 | 499433 | മേലാമകം പാടശേഖര സമിതി |
| 17 | 114/20-21 | 1000000 | 999988 | മേലാമകം പാടശേഖര സമിതി |
| | | 1,18,32,384 | 1,16,07,862 | |

അപാകത

1. മേൽ പറഞ്ഞ പ്രവർത്തികൾ മാത്രം 1,18,32,384/-രൂപ ചെലവ് (അടങ്കൽ) വരുന്നവയാണ്. ടി പ്രവൃത്തികൾ ടെൻഡർ നടപടി ക്രമം മുഖാന്തിരം നടപ്പിലാക്കാതെ ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നടപ്പിലാക്കിയിരിക്കുന്നു.

2. ഇതിൽ കരിക്കരി പാടശേഖര സമിതിക്ക് മാത്രം 51,23,053 /-രൂപ ചെലവ് വരുന്ന (ബിൽ മാറിയത്) പ്രവർത്തികൾ നൽകിയിട്ടുണ്ട്. ഈ സമിതിക്ക് ഇത്തരത്തിൽ പ്രവർത്തികൾ നൽകിയിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 17.6.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-37 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്കു വിശദീകരണം ലഭ്യമാക്കേണ്ടതും, ഉയർന്ന മൂല്യമുള്ള തുകക്കുള്ള പ്രവൃത്തികൾ മൽസരാധിഷ്ഠിത ടെൻഡർ നടപടികളിൽകൂടി നടപ്പാക്കണമെന്നും ഓഡിറ്റ് നിർദേശിക്കുന്നു.

## 1-26 എസ്കവേഷൻ പ്രവൃത്തിയിൽ ഉയർന്ന നിരക്കിൽ അധികം തുക നൽകി- 25,665/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

എസ്കവേഷൻ പ്രവൃത്തിയിൽ ഉയർന്ന നിരക്ക് നൽകിയതുമൂലം അധിക ചെലവ് ഉണ്ടായി. വിശദ വിവരങ്ങൾ ചുവടെ പറയുന്നു.

1.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 398/20-21 |
| Project Name | Kurunikulam Thodu Side Wall Construction |
| Est No | 2021/8022 |
| Ts No | 97131/20-21, 336593/- |
| Contractor | Suresh Babu |
| Mbook No | 378/20-21 |
| Tender Below/above | 0.1 % Below |
| Fund | CFC Grant |
| Bill No. | 129/29.3.2021, 3,35,353/- |

ടി പ്രവൃത്തിയിൽ തോടിന്റെ സൈഡ് വാൾ നിർമ്മാണത്തിന് Mord Specification പ്രകാരമുള്ള Escavation- 11.1.1.1 ആണ് ഉപയോഗിച്ചിട്ടുള്ളത്. പ്രവൃത്തിക്ക് റോഡ് നിർമ്മാണവുമായി ബന്ധമില്ലാത്തതിനാൽ DSR 2.8.1 (നിരക്ക് 229.52/$m^3$) മതിയാകുന്നതാണ്.

ഇതിൽ Estimate Item 1, Mbook Page-2 പ്രകാരം 21.23 $M^3$ Escavation നടത്തിയിട്ടുണ്ട്. ആയതിന് 21 $M^3$ ൽ Limit ചെയ്ത് 21 X 513.07 = 10774.47/-രൂപ അനുവദിച്ചിട്ടുണ്ട്. ടി പ്രവർത്തിക്ക് അനുവദിക്കാവുന്ന തുക 21 X 229.52 = 4819.92/= രൂപയാണ്. ഇത്തരത്തിൽ അധികം നൽകിയ തുക 5955/- (10774.47 – 4819.92) രൂപയാണ്.

Tender Deduction കുറവ് ചെയ്ത തുക : 5949/- (5955 - .1%(5955))

2.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 347/20-21 |
| Project Name | Wedding Hall Parking Market Drain |
| Est No | 2020/93528 |

| | |
|---|---|
| Ts No | 61965/20-21, 500000/- |
| Contractor | Sajeev Kumar |
| Mbook No | 692/19-20 |
| Tender Below/above | Estimate Rate |
| Fund | CFC Grant |
| Bill No. | 137/20-21, 29.3.2021 ,1,50,295/-,<br>77/20-21, 11.12.2020, 3,45,536/- |

ടി എസ്റ്റിമേറ്റ് 1(4), 9.3.2021 തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. ടി പ്രവൃത്തിയിൽ വാഹന പാർക്കിംഗ് ഏരിയ നിർമ്മാണത്തിന് Mord Specification പ്രകാരമുള്ള Escavation- 11.1.1.1 ആണ് ഉപയോഗിച്ചിട്ടുള്ളത്. ടി പ്രവൃത്തിക്ക് റോഡ് നിർമ്മാണവുമായി ബന്ധമില്ലാത്തതിനാൽ DSR 2.8.1 (നിരക്ക് 229.52/$m^3$) മതിയാകുന്നതാണ്. ഇതിൽ Mbook Page- 18,27,35 പ്രകാരം 69.534 $M^3$ Escavation നടത്തിയിട്ടുണ്ട്. ആയതിന് 69.534 X 513.07 = 35675.81/- രൂപ അനുവദിച്ചിട്ടുണ്ട്. ടി പ്രവർത്തിക്ക് അനുവദിക്കാവുന്ന തുക 69.534 X 229.52 =15959.44/= രൂപയാണ്.

ഇത്തരത്തിൽ അധികം നൽകിയ തുക 19,716 /- രൂപയാണ്.(35675.81 – 15959.44 ).

ടി അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 17.6.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-28 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ക്രമ (1), (2) എന്നീ ഇനങ്ങളിൽ അധികം നൽകിയ ആകെ തുകയായ 25,665/- രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു. വ്യക്തമായ മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തടസം നിരാകരണമായി മാറുന്നതാണ്.

## 1-27 എം ബുക്ക് പ്രകാരം അനുവദിച്ച തുകയെക്കാളും ഉയർന്ന തുക ബിൽ പ്രകാരം നൽകി- 1904/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

ചുവടെ പറയുന്ന പ്രവൃത്തിയിൽ എം ബുക്ക് പ്രകാരം അനുവദിച്ച തുകയെക്കാളും ഉയർന്ന തുക ബിൽ പ്രകാരം നൽകിയതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 75/20-21 |
| Project Name | Mezhiyarathala Karithalaykkal Ela Road Drain Second Stage |
| Est No. | 2019/32793 |
| Ts No. | 32222/2019-20, 5,00,000/- |
| Convenor Name | Ayyappan Nair & David (Karikkari Padasekhara Samithi) |
| Mbook No | 381/19-20 |
| Bill No | 70/20-21, 10.11.2020, 498626/- |
| Fund | Dev Fund TSP |
| Tender Method | Becificiary Work |

Mbook Page No-22 പ്രകാരം 4,96,722/-രൂപ പാസാക്കിയതായി അസി.എക്സി.എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ട്രഷറി ബിൽ നം.70/20-21, 10.11.2020 പ്രകാരം 4,98,626/-രൂപ അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ അധികമായി തുക നൽകിയതിനുള്ള കാരണം വ്യക്തമാക്കുന്നതിനായി 17.6.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-36 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ അധികം നൽകിയ തുകയായ 1,904/-രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. ഇത്തരത്തിൽ തുക അധികം നൽകാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതും, തുക അധികമായിട്ടാണ് നൽകിയതെങ്കിൽ ടി തുക തിരികെ അടവാക്കേണ്ടതുമാണ്.

## 1-28 റോഡ് കോൺക്രീറ്റ് പ്രവൃത്തിയിൽ ഫോം വർക്ക് ചെയ്യാതെ ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകി-അധികം നൽകിയ തുക 12,953/-രൂപ തടസപ്പെടുത്തുന്നു.

റോഡ് കോൺക്രീറ്റ് പ്രവൃത്തിയിൽ ഫോം വർക്ക് ചെയ്യാതെ ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. Perinjalampadu Foot Path Concrete (Project No.327/20-21) .

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 327/20-21 |
| Project Name | Perinjalampadu Foot Path Concrete |
| Est No | 2020/103891 |
| Ts No | 72827/20-21, 5,00,000/- |
| Convenor Name | Sajeev Kumar |
| Mbook No | 70/20-21 |
| Bill No | 109/20-21, 4,98,262/-, 25.2.2021 |
| Fund | CFC Grant |
| Tender Rate | 0.2 % Below |

Estimate Item 3, എം ബുക്ക് നം.70/20-21, Page 10,12 ൽ 55.035 $M^3$ Road Concrete പ്രവൃത്തി 7860.84/-രൂപ നിരക്കിൽ (ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് Od-860393/20-21, 3 % Form Work ) ചെയുകയും ആയതിന് 4,32,621.32/-രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 16.06.2022 തീയതിയിൽ നടത്തിയ സംയുക്ത പരിശോധനയിൽ, പ്രസ്തുത കോൺക്രീറ്റ് നടപ്പാതയോട് ചേർന്ന് ഇരുവശവും സ്വകാര്യ വ്യക്തികളുടെ മതിലായതിനാൽ ടി റോഡിൽ ഫോം വർക്ക് നടത്തിയിട്ടുള്ളതായി കാണുന്നില്ല. സംയുക്ത പരിശോധനാ റിപ്പോർട്ടിൽ ടി റോഡിൽ ഫോം വർക്ക് നടത്തിയിട്ടില്ലെന്ന് ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫോം വർക്ക് ഉൾപ്പെടുത്താത്തതിന് ആനുപാതികമായി അനുവദിച്ച തുകയിൽ കുറവും വരുത്തിയിട്ടില്ല. ടി വിഷയത്തിൻ മേൽ വിശദീകരണം ലഭ്യമാക്കുന്നതിനായി 17.6.2022 തീയതിൽ ഓഡിറ്റ് എൻക്വയറി നം.-39 നൽകിയിരുന്നു.ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി പ്രവൃത്തിയിൽ അധികം നൽകിയ തുക ചുവടെ പറയുന്നു.

അനുവദിച്ച തുക - 55.035 X 7860.84 = 4,32,621.32/- രൂപ

അധികം നൽകിയ തുക - 55.035 X 7860.84 X 3/100 = 12,979/- രൂപ

അനുവദിക്കാവുന്ന തുക - 419642.32/- രൂപ (4,32,621.32 - 12979 )

ടെൻഡർ കുറവ് കഴിഞ്ഞുള്ള തുക - 12,953/- രൂപ ( 12,979 - 0.2 %(12,979))

ഇത്തരത്തിൽ അധികം നൽകിയ തുകയുടെ ചെലവായ 12,953/- രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു. വ്യക്തമായ മറുപടി ഈ വിഷയത്തിന്മേൽ ലഭ്യമാക്കേണ്ടതാണ്.

## 1-29 ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തിയിൽ, പ്രവൃത്തി മൂല്യത്തിനേക്കാളും അധികം തുക നൽകി-2,34,218/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

ചുവടെ പറയുന്ന പ്രവൃത്തിയിൽ പ്രവൃത്തി മൂല്യത്തിനേക്കാളും അധികം തുക നൽകി.വിശദ വിവരങ്ങൾ ചുവടെ പറയുന്നു.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 254/20-21 |
| Project Name | PHC Basic Infra Structure-oldage Home |
| Est No. | 2019/40535 |
| Ts No. | 32124/2019-20, 9,63,500/- |
| Convenor Name | Hrishikesan Nair |
| Mbook No | 386/19-20 |
| Bill No | 21/20-21, 445903/-, 20.4.2020<br>33/20-21, 427689/- ,24.6.2020<br>34/20-21, 89799/- 24.6.2020 |
| Fund | Dev Fund & MF(NR) |
| Tender | Becificiary Work |

ടി പ്രവൃത്തി 28/02/2020-ൽ പൂർത്തിയാക്കിയതായി അസിസ്റ്റന്റ് എൻജിനീയർ Completion Certificate നൽകിയിട്ടുണ്ട്.

ടി പ്രവൃത്തിയുടെ കൺവീനർ ഹാജരാക്കിയിട്ടുള്ള ചെലവു രേഖകൾ ചുവടെ കൊടുക്കുന്നു.

Muster Roll (3.2.2020 – 20.2.2020 ) - 1,74,150/-

Muster Roll (13.3.2020 – 21.3.2020 ) - 1,54,950/-

Muster Roll (2.5.2020 – 7.5.2020 ) - 87,200/-

ഷാജികുമാർ- വൗച്ചർ -1 - 1,20,000/-

ഷാജികുമാർ- വൗച്ചർ -2 - 60,000/-

Suma Traders (18/ 4.2.2020) - 1,50,393/-

Suma Traders (88/ 19.3.2020) - 1,85,630/-

സ്റ്റീഫൻ- വൌച്ചർ - 1 - 39,000/-

ആകെ 9,71,323/-

ടി പ്രവൃത്തി 28/2/2020-ൽ പൂർത്തിയാക്കിയതിനാൽ 3/2020, 5/2020 മാസങ്ങളിലെ ചെലവുകൾ ഇതിൽ ഉൾപ്പെടുത്താൻ കഴിയുന്നതല്ല. അപ്രകാരം ആകെ ചെലവ് 7,29,173/- രൂപയാണ്. (1,54,950/-, 87,200/- എന്നീ തുകകൾക്കുള്ള മസ്റ്റർ റോൾ ഒഴിവാക്കിയുള്ള ചെലവ്)

Lsgd Chief Engineer-ഉടെ 13.11.2014 തീയതിയിലെ DB1/1559/2010/CE/lsgd നം സർക്കുലർ Sl No.10 പ്രകാരം ഗുണഭോക്തൃ സമിതിക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർഥ ചെലവോ, കരാർ ഉടമ്പടി പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ഇത്തരത്തിൽ അധികമായി തുക നൽകിയതിനുള്ള കാരണം വ്യക്തമാക്കുന്നതിനായി 17.06.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-35 നൽകിയിരുന്നു.ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ടി പ്രവർത്തിയിൽ അനുവദിച്ച തുക - 9,63,391/- (Bill പ്രകാരമുള്ള തുക)

യഥാർഥ ചെലവ് - 7,29,173/- (1,54,950/-, 87,200/- എന്നീ തുകകൾക്കുള്ള മസ്റ്റർ റോൾ ഒഴിവാക്കിയുള്ള ചെലവ്)

അധികം നൽകിയ തുക - 2,34,218/- രൂപ

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാകാത്ത സാഹചര്യത്തിൽ ഇത്തരത്തിൽ അധികം നൽകിയ 2,34,218/-രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. വ്യക്തമായ വിശദീകരണം/രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-30 രേഖകൾ ഹാജരാക്കിയില്ല ചെലവ് തടസപ്പെടുത്തുന്നു - 26,79,441/- രൂപ.

ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികളിൽ ചെലവ് രേഖകൾ, എം ബുക്ക് എന്നിവ ഹാജരാക്കിയില്ല.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 206/20-21 |
| Project Name | Infrastructure Development & Wasre Water Disposal In LPBS |
| Est No | 2020/69522 |
| Ts No | 24242/20-21, 400000/- |
| Convenor Name | Manikantan |
| Mbook No | 650/19-20 |
| Bill No | 73/20-21, 3,98,578/-, 13.11.2020 |
| Fund | MF(NR) |

2.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 278/20-21 |
| Project Name | Melammakam Nambiarvilakom Karumakkottukulam Ela Road Side Wall |
| Est No | 2019/52807 |
| Ts No | 21718/19-20, 400000/- |
| Convenor Name | Gilbert |
| Mbook No | 679/19-20 |
| Bill No | 93/20-21, 3,99,893/-, 11.1.2021 |
| Fund | MF(R) |

3.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 62/20-21 |
| Project Name | Valiyarathala Ela Road Side Wall |
| Est No | 2019/1661, 10,00,000/- |
| Ts No | 21775/19-20, 400000/- |
| Convenor Name | Karikkari PSS |
| Mbook No | 450/19-20 |
| Bill No | 33/20-21, 4,85,438/-, 14.04.2020<br>145/20-21, 4,99,932/-, 10.8.2020 |
| Fund | MF(R) |

മേൽ പറഞ്ഞ പ്രവൃത്തികളിൽ (ഗുണഭോക്തൃ സമിതി മുഖാന്തിരം) പ്രവൃത്തി നടത്തിയതിന്റെ രേഖകൾ/വൗച്ചറുകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി 17.6.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 30 നൽകിയിരുന്നു.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 122/20-21 |
| Project Name | LPBS Nursery Block |
| Est No | 2018/122011 |
| Ts No | 88142/18-19, 1300000/- |
| Convenor Name | Manikantan (Beni Work) |
| Mbook No | - |
| Bill No | 19/20-21, 8,95,600/-, 7.5.2020 |
| Fund | CFC Grant |

മേൽ പറഞ്ഞ പ്രവർത്തിയിൽ (ഗുണഭോക്തൃ സമിതി മുഖാന്തിരം) പ്രവൃത്തി നടത്തിയതിന്റെ എം.ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി 17.6.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 32 നൽകിയിരുന്നു.

പ്രസ്തുത രണ്ട് ഓഡിറ്റ് എൻക്വയറികൾക്കും മറുപടി ലഭ്യമാക്കുകയോ ആവശ്യപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കുകയോ ചെയ്യിട്ടില്ലാത്തതാകുന്നു. മേൽ സാഹചര്യത്തിൽ ടി നാല് പ്രവർത്തികളിൽ ചെലവായ 26,79,441/-രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-31 ഗുണഭോക്തൃസമിതി മുഖാന്തിരം നിർവ്വഹിക്കുന്ന പ്രവൃത്തികളിൽ യഥാർത്ഥ അളവിനനുസരിച്ച് മെറ്റീരിയൽസ് സപ്ലൈ ചെയ്തതായി കാണുന്നില്ല- ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

ചുവടെ പറയുന്ന പ്രവർത്തികളിൽ എം.ബുക്ക് പ്രകാരമുള്ള അളവിനനുസരിച്ച് മെറ്റീരിയൽസ് വിതരണം നടത്തിയതായി കാണുന്നില്ല.

Implementing Officer : Assistant Engineer

1.

| | |
|---|---|
| Project No | 78/20-21 |
| Project Name | Vattavila Pinarninnavila Mukkuttuthura Ela Side Wall |

Mbook Page 8 പ്രകാരം DR Work- 61.98 $M^3$, RR Work 28.175 $M^3$ ഉൾപ്പെടെ ആകെ 90.155 $M^3$ അളവിൽ നടത്തിയിട്ടുണ്ട്. ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുള്ള വൗച്ചർ പ്രകാരം 19 ലോഡ് Rubble 7500/- നിരക്കിൽ 1,42,500/- രൂപ നൽകിയതായിട്ടുണ്ട്.

2.

| | |
|---|---|
| Project No | 52/20-21 |
| Project Name | Alatharavilakom Ela Pavement |

Mbook Page 23 പ്രകാരം DR Work- 54.081 $M^3$ അളവിൽ നടത്തിയിട്ടുണ്ട്. ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുള്ള വൗച്ചർ പ്രകാരം 11 ലോഡ് Rubble 7500/-രൂപ നിരക്കിൽ 82,500/- രൂപ നൽകിയതായിട്ടുണ്ട്.

3.

| | |
|---|---|
| Project No | 57/20-21 |
| Project Name | Madathikulam Kochakulam Ela Road Side Wall |

Mbook Page 14 പ്രകാരം DR Work- 99.18 $M^3$, RR Work 27.25$m^3$ ഉൾപ്പെടെ ആകെ 126.43 $M^3$ അളവിൽ നടത്തിയിട്ടുണ്ട്. ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുള്ള വൗച്ചർ പ്രകാരം 25 ലോഡ് Rubble 7000/- നിരക്കിൽ 175000/- നൽകിയതായിട്ടുണ്ട്.

4.

| | |
|---|---|
| Project No | 61/20-21 |
| Project Name | Nedumkulam Ela Thempliamoodu Thode Side Wall |

Mbook Page 19 പ്രകാരം DR Work- 81.2005 $M^3$, RR Work 19.0475 $M^3$ ഉൾപ്പെടെ ആകെ 100.248 $M^3$ അളവിൽ നടത്തിയിട്ടുണ്ട്. ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുള്ള വൗച്ചർ പ്രകാരം 22 ലോഡ് Rubble 7500/- നിരക്കിൽ 165000/- നൽകിയതായിട്ടുണ്ട്.

അപാകത

CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ, ഉപയോഗിക്കുന്ന Rubble സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 50% വോയ്ഡ്സ് കുറവ് ചെയ്യേണ്ടതായിട്ടുണ്ട്. (Specification : 1.27.2.6 Excavated Rocks – 50%). മേൽ പറഞ്ഞ പ്രവൃത്തികളിലെല്ലാം തന്നെ ഉയർന്ന അളവിൽ (Mbook പ്രകാരം) Rubble ഉപയോഗിക്കുകയും വൗച്ചർ പ്രകാരം (ലോഡ് പ്രകാരം ) കുറഞ്ഞ അളവിൽ Rubble പ്രവൃത്തിക്ക് കൊണ്ടു വന്നതായും കാണുന്നു. ഇത്തരം അപാകതകൾക്ക് വിശദീകരണം തേടി 17.06.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 29 നൽകിയിരുന്നു. ആയതിന് മറുപടി

ലഭ്യമാക്കിയിട്ടില്ല.

ചീഫ് എൻജിനീയർ എൽ.എസ്.ജി.ഡി-യുടെ Local Market Rate പ്രകാരം Rubble Stone ക്യൂബിക് മീറ്ററിന് 1905/-രൂപയാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ടി നിരക്കനുസരിച്ച് ഒരു ലോഡ് Rubble ൽ (ലോഡിന് 7000/7500 രൂപയാണ് വൗച്ചർ പ്രകാരമുള്ളത്) പരമാവധി 4 $M^3$ മാത്രമാണ് കൊണ്ട് വരുന്നതിന് കഴിയുന്നത്. പ്രസ്തുത 4 $M^3$ അളവിൽ കൊണ്ടു വരുന്ന Rubble, Mbook പ്രകാരമുള്ള അളവിൽ പ്രവൃത്തി നിർവ്വഹിക്കുന്നതിന് പര്യാപ്തമല്ലാത്തതാകുന്നു. യഥാർത്ഥ ചെലവിനനുസരിച്ചുള്ള വൗച്ചറുകൾ ഉൾപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 സർക്കാർ നിർദേശം അവഗണിച്ച് സൈഡ് വാൾ നിർമ്മാണത്തിൽ അനാവശ്യമായി RCC Middle Belt ഉൾപ്പെടുത്തുന്നു-ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

ചെറിയ ഉയരത്തിൽ നിർമ്മിക്കുന്ന Side Wall കളിൽ പോലും RCC Middle Belt ഉൾപ്പെടുത്തുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 176/20-21 |
| Project Name | Udayankulam Thodu Side Wall |
| Est No | 2020/54453 |
| Ts No | 21489/20-21, 4,00,000/- |
| Convenor Name | Surendran |
| Mbook No | 8/20-21 |
| Bill No | 76/20-21, 398701/-, 13.11.2020 |
| Fund | CFC Grant |

ഇവിടെ 26.2 $M^3$ Foundation ചെയ്തതിനു ശേഷം അതേ അളവിൽ Foundation DR ചെയ്യുകയും അതിനു മുകളിൽ .6 M ഉയരത്തിൽ Side Wall ചെയ്യുകയും അതിനു ശേഷം Middle Belt 1:2:4 RCC- 3.276 $M^3$ അളവിൽ ചെയ്യുകയും, തുടർന്ന് .5 M ഉയരത്തിൽ RR ചെയ്തതിനു ശേഷം Top Plaster ഉം ചെയ്തിട്ടുണ്ട്. ഇവിടെ 1.1 M ആണ് സൈഡ് വാളിന്റെ ഉയരം.

2.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 343/20-21 |
| Project Name | Construction Of Side Wall In Vandichira Thodu At Kunninpuram |
| Est No | 2020/102923 |
| Ts No | 60146/20-21, 2,00,000/- |
| Convenor Name | Sunil |
| Mbook No | 735/19-20 |

| | |
|---|---|
| Bill No | 103/20-21, 1,99,530/-, 19.1.2021 |
| Fund | CFC Grant |

ഇവിടെ 15.048 $M^3$ Foundation ചെയ്തതിനു ശേഷം അതേ അളവിൽ Foundation DR ചെയ്യുകയും അതിനു മുകളിൽ 1.254 $M^3$ അളവിൽ Foundation Belt (RCC)നൽകി. തുടർന്ന് 1.4 M ഉയരത്തിൽ DR Side Wall ചെയ്യുകയും, അതിനു മുകളിൽ 0.798 $M^3$ അളവിൽ Middle Belt (RCC) നൽകയതിനു ശേഷം .45m ഉയരത്തിൽ RR In Cement Mortarചെയ്യുകയും, തുടർന്ന് .57 $M^3$ അളവിൽ Top Belt (RCC) നൽകുകയും ചെയ്തിട്ടുണ്ട്. ആണ് സൈഡ് ഇവിടെ 1.85 M ആണ് Side Wallന്റെ ഉയരം. ഇവിടെ Foundation Belt, Middle Belt, Top Belt എന്നിവ നൽകിയിട്ടുണ്ട്.

അപാകതകൾ ചുവടെ പറയുന്നു.

1. ധനകാര്യവകുപ്പിന്റെ Circular No.87/2016, 18.11.2016 പ്രകാരം Pcc 1:3:6 Belt With Nominal Reinforecement After Every 2m For DR Wall എന്നു പറയുന്നു.

ഇവിടെ ക്രമ നം (1) ൽ Side Wallന്റെ ഉയരം 1.1 M ആണന്നിരിക്കെ 60 Cm ഉയരത്തിൽ DR വർക്കിനു ശേഷം RCC Belt ഉം, 50 Cm ഉയരത്തിൽ RR വർക്കിനു ശേഷം Cement Plaster ഉം നൽകിയിരിക്കുന്നു.

ക്രമ നം (2) ൽ Side Wallന്റെ ഉയരം 1.85 M ഉം ആണ്. എന്നിട്ടും Foundation Belt നു ശേഷം 1.4m DR Work നടത്തി RCC Middle Belt ഉം അതിനു ശേഷം 45 Cm ൽ RR Work നടത്തിയ ശേഷം RCC Top Belt ഉം നൽകാനുണ്ടായ കാരണം.

2. ക്രമ നം (2) ൽ 0.45m ഉയരത്തിൽ RR In Cement Mortar ചെയ്തതിനു ശേഷം Plaster ചെയ്യാതെ ചെലവ് കൂടിയ RCC Top Belt ചെയ്യാനുള്ള കാരണം.

(Estimate Report-ൽ ഈ രീതിയിൽ പ്രവൃത്തി നിർവ്വഹിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ലാത്തതാകുന്നു).

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 17.6.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 38 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇത്തരത്തിൽ പ്രവൃത്തി നിർവ്വഹിച്ചത് സർക്കാർ നിർദേശങ്ങൾക്കു വിരുദ്ധമാണെന്നും, അനാവശ്യമായി പാഴ് ചെലവ് വരുത്തുന്നതുമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ പ്രസ്തുത അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-33 അനുവദനീയമായതിലും ഉയർന്ന നിരക്ക് നൽകി പ്രവൃത്തി നിർവ്വഹിച്ചു-11,461/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

അനുവദനീയമായതിലും ഉയർന്ന നിരക്ക് നൽകി പ്രവൃത്തി നിർവ്വഹിച്ചതുമൂലം അധിക ചെലവുണ്ടായി.വിശദ വിവരങ്ങൾ ചുവടെ പറയുന്നു.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 308/20-21 |
| Project Name | PHC Infrastructure Development-Pakalveedu |
| Est No | 2020/66915 |
| Ts No | 24065/20-21, 14,45,324/- |
| Convenor Name | Hrishikesan Nair (Beni. Work) |
| Mbook No | 29/20-21, 26/20-21 |
| Bill No | 88/20-21, 14,45,130/-, 11.1.2021 |
| Fund | MF(NR) |

Estimate Item 7, എം ബുക്ക് നം.29/20-21, Page 9, എം ബുക്ക് നം.26/20-21, Page 11 ൽ Providing And Fixing Ms Grill Of Required Pattern In Frams Of Windows (DAR 9.48.2) എന്ന ഇനത്തിന് 144.99/kg നിരക്കിൽ 191.808 Kg ന്

27,810.24/-രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിയിൽ 1.5m നീളമുള്ള 12 Mm Ms Rod തിരശ്ചീനമായി (Horizontal) വെൽഡിംഗ് ഇല്ലാതെ മരത്തിന്റെ ഫ്രയിമിൽ വെക്കുക മാത്രമാണ് ചെയ്തതിട്ടുള്ളതെന്ന് എം ബുക്കിൽ നിന്നും കാണുന്നു. DAR 9.48.2 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതായതിനാൽ (DAR 9.48.2 Specification ൽ വെൽഡിംഗ് ചാർജ് ഉൾപ്പെടുന്നു) മരത്തിന്റെ ഫ്രയിമിൽ ജനൽ കമ്പികൾ വെക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് DAR 14.29 പ്രകാരമുള്ള നിരക്കാണ് ( അടിസ്ഥാന നിരക്ക്-61.8 + 37.93 % Cost Index) അനുവദിക്കാവുന്നത്. ഉയർന്ന നിരക്ക് തെറ്റായി നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 18.6.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-43 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി പ്രവൃത്തിയിൽ അധികം നൽകിയ തുകയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

DAR 9.48.2 പ്രകാരം അനുവദിച്ച തുക - 191.808 Kg X 144.99 = 27,810.24/- രൂപ

DAR 14.29 പ്രകാരം അനുവദിക്കാവുന്ന തുക - 191.808 Kg X85.24 = 16,349.71/- രൂപ

അധികം നൽകിയ തുക - 11,461/- രൂപ

ഇത്തരത്തിൽ അധികം നൽകിയ 11,461/-രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. വ്യക്തമായ മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തടസം നിരാകരണമായി മാറുന്നതാണ്.

## 1-34 കൺവീനർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ മെറ്റീരിയൽസിന്റെ ഗുണനിലവാരം ഉറപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ചുവടെ പറയുന്ന പ്രവൃത്തികളിൽ Tile പ്രവൃത്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 309/20-21 |
| Project Name | PHC Painting And Other Related Facilities |
| Est No | 2020/96297 |
| Ts No | 53154/20-21, 500000/- |
| Convenor Name | Hrishikesan Nair( Beni. Committee) |
| Mbook No | 127/20-21 |
| Bill No | 101/20-21, 4,99,236/-, 19.1.2021 |
| Fund | DF(General) |

ടി പ്രവൃത്തിയിൽ ശ്രീ.സ്റ്റീഫൻ സമർപ്പിച്ച വൗച്ചർ പ്രകാരം Vetrified Floor Tile 68 $M^2$ ടൈൽ 900/-രൂപ നിരക്കിൽ ആകെ 61,200/-രൂപ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. Mbook Page 35 67.175 $M^2$ Tile 1443.29/- രൂപ നിരക്കിൽ (Specification 11.41.2) ആകെ 96,953/- രൂപ അനുവദിച്ചിട്ടുണ്ട്.

2.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 275/20-21 |

| | |
|---|---|
| Project Name | Renovation Of Anganwadi No.130 |
| Est No | 2020/63434 |
| Ts No | 24294/20-21, 400000/- |
| Convenor Name | Santhakumari |
| Mbook No | 85/20-21, |
| Bill No | 98/20-21, 382890/-, 19.1.2021 |
| Fund | MF(NR) |

Mbook Page 85/20-21 ൽ 57.065 M2 Wall Tile 1463.67/- രൂപ നിരക്കിൽ ആകെ 83524.32/-രൂപയും Page 46 ൽ 7.9 $M^2$ Tile 964.36 രൂപ നിരക്കിൽ 7617.97- രൂപയും അനുവദിച്ചിട്ടുണ്ട്.

3.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 308/20-21 |
| Project Name | PHC Infrastructure Dev. Oldage Home |
| Est No | 2020/66915 |
| Ts No | 24065/20-21, 1445324/- |
| Convenor Name | Hrishikesan Nair |
| Mbook No | 29/20-21, 26/20-21, |
| Bill No | 88/20-21, 6.1.2021, 14,45,130/- |
| Fund | DF(General) |

ടി പ്രവൃത്തിയിൽ ശ്രീ.ഷാജികുമാർ സമർപ്പിച്ച വൗച്ചർ പ്രകാരം Vetrified Floor Tile 241 $M^2$ ടൈൽ ഇട്ടതിന് 900/- രൂപ നിരക്കിൽ ആകെ 2,16,900/- രൂപ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. Mbook Page 13 പ്രകാരം 240.795 $M^2$ Tile 1443.29/- രൂപ നിരക്കിൽ (Specification 11.41.2) ആകെ 3,47,537/- അനുവദിച്ചിട്ടുണ്ട്.

അപാകത

പ്രവൃത്തിക്ക് ഉപയോഗിച്ച ടൈലിന്റെ ബിൽ ലഭ്യമാക്കിയിട്ടില്ല. 11.41.2 എന്ന സ്പെസിഫിക്കേഷൻ പ്രകാരമാണ് പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നത്. ടി സ്പെസിഫിക്കേഷനിലെ ടൈലിന്റെ വില, പ്രവൃത്തിക്ക് ഉപയോഗിച്ച ടൈലിന്റേതിനു സമാനമാണെന്ന് ഉറപ്പാക്കിയതിനെക്കുറിച്ച് വിശദീകരിക്കുവാൻ 17.06.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 31 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തി നിർവ്വഹണ വേളയിൽ എസ്റ്റിമേറ്റിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള ഗുണമേൻമയുള്ള സാധനങ്ങൾ ആണ് ഉപയോഗിക്കുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 റൂഫിംഗ് പ്രവൃത്തിക്ക് ഉയർന്ന നിരക്ക് നൽകി പ്രവർത്തി നിർവ്വഹിച്ചു- 3,515/- രൂപയുടെ

ചെലവ് തടസപ്പെടുത്തുന്നു

റൂഫിംഗ് പ്രവൃത്തിക്ക് ഉയർന്ന നിരക്ക് നൽകിയത് മൂലം അധിക ചെലവുണ്ടായി. വിശദ വിവരങ്ങൾ ചുവടെ പറയുന്നു.

| | |
|---|---|
| Implementing Officer | Assistant Engineer |
| Project No | 136/20-21 |
| Project Name | Community Sanitation Complex |
| Contractor Name | Thankappan |
| Mbook No | 673/19-20 |
| Bill No | Cheque No.29940/18.12.2020, 1,99,893/- |
| Fund | State Sponsored Schme |
| Tender | Estimate Rate |

ടി പ്രവൃത്തി No.1(20), 23.9.2020 തീരുമാന പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. അതിൽ എസ്റ്റാ ഐറ്റം-3 ആയി Steel Work In Built Up Section 10.16.3(Electric Resistance Or Induction Butt Welded Tubes)എന്ന ഇനം ഉൾപ്പെടുത്തുകയും, പേജ് നം 41 പ്രകാരം 154.76/- Kg രൂപ നിരക്കിൽ 116.0725 X 154.76 = 17963.38/-രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. Toilet ന് മേൽക്കൂര നിർമ്മിച്ച് ഷീറ്റ് ഇടുന്ന പ്രവർത്തിക്ക് 10.16.1 (Hot Finished Welded Type Tubes) അനുവദിക്കാമെന്നിരിക്കെ ഉയർന്ന നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 17.6.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 34 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമക്കിയിട്ടില്ല. ടി വർഷത്തിൽ നടപ്പിലാക്കിയ മറ്റ് സമാന പ്രവർത്തികളിൽ 10.16.1 Specification ആണ് ഉപയോഗിച്ചിരിക്കുന്നത് (ഉദാ. പ്രോജക്റ്റ് നം. 46/20-21- Hunger Free Keralam,പ്രോജക്റ്റ് നം. 200/20-21- Parking Office Vehicle Shed At Panchayath Office എന്നിവ )

അനുവദിച്ച തുക (DAR 10.16.3 പ്രകാരം) - 116.0725 X 154.76 = 17,963.38/- രൂപ

അനുവദിക്കാവുന്ന തുക (DAR 10.16.1 പ്രകാരം) - 116.0725 X 124.48 = 14,448.70/- രൂപ

അധികം നൽകിയ തുക - 3515/- രൂപ

ഇത്തരത്തിൽ അധികം നൽകിയ 3,515/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. വ്യക്തമായ മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-36 അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിൻ പ്രകാരം ഗ്രാമപഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം, ഗ്രാമപഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നതിന്റെ വിവരം, മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു എന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കയ്യൊഴിയണമെന്നും നിർദ്ദേശിച്ചിട്ടുണ്ട് ആയത് പാലിച്ചിട്ടുണ്ടോ എന്നും ആസ്തി പരിപാലനം സംബന്ധമായ വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 17.06.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-40 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിൽ പറയുന്ന നടപടികൾ സ്വീകരിച്ച്

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 വൗച്ചറുകൾ ഹാജരാക്കിയില്ല- 1,67,622/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2020-21 വർഷം പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകുന്ന ചെക്കുകളുടെ വിശദാംശം രേഖപ്പെടുത്തുന്ന ചെക്ക് ഇഷ്യൂ രജിസ്റ്റർ / ബിൽ രജിസ്ററർ കാലികമാക്കിയിട്ടില്ല.

ഉദാ- കേരള ഗ്രാമീൺ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ചിരിക്കുന്ന ചുവടെ ചേർക്കുന്ന ചെക്കുകളുടെ വിശദാംശം ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| തീയതി | ചെക്ക് നം | തുക | തുക നൽകിയിരിക്കുന്നത് | ബാങ്ക് ബുക്ക് പ്രകാരമുള്ള രേഖപ്പെടുത്തൽ , തീയതി |
|---|---|---|---|---|
| 05.03.21 | 30611 | 100500 | ദേവികാ അസോസിയേറ്റ്സ് | GST TDS/31.03.2021 |
| 11.01.21 | 22743 | 3464 | ദേവികാ അസോസിയേറ്റ്സ് | Recoveries Payable- SGST |
| 05.01.21 | 22734 | 63658 | ദേവികാ അസോസിയേറ്റ്സ് | Recoveries Payable- CGST |
| ആകെ | | 167622 | | |

ചെലവിന്റെ വൗച്ചറുകൾ, അനുബന്ധ ചെലവു രേഖകൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ( ഓഡിറ്റ് എൻക്വയറി നം 05/ 10.06.2022) ലഭ്യമാക്കിയിട്ടില്ല.

വിവിധ ചെക്കുകൾ പ്രകാരം തുക പിൻവലിച്ച് ദേവികാ അസോസിയേറ്റ്സ് എന്ന അക്കൗണ്ടിലേയ്ക്ക് നൽകാനുണ്ടായ കാരണവും ചെലവുകൾക്കാധാരമായ വൗച്ചറുകൾ, തുകയുടെ കൈപ്പറ്റ് രസീത്, അനുബന്ധരേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. വൗച്ചറുകൾ ലഭ്യമാക്കുന്നതുവരെ 1,67,622/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

(എ) എസ്ബിഐ ഇ പേയ്മെന്റ് അക്കൗണ്ടിന്റെ ഫെബ്രുവരി 2021-ലെ റീ കൺസിലിയേഷൻ പത്രിക പ്രകാരം Directly Debited By Bank എന്നയിനത്തിൽ ചുവടെ ചേർത്തിരിക്കുന്ന തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു.

| തീയതി | തുക |
|---|---|
| 31.102020 | 70000 |
| 31.12.2020 | 50000 |
| 31.12.2020 | 60000 |
| ആകെ | 180000 |

*ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നുവെങ്കിലും (നം 8/13.06.2022) മറുപടിയോടൊപ്പം ആയത് ലഭ്യമാക്കിയില്ല. ആയത് ഏതിനത്തിൽ ബാങ്ക് കുറവുചെയ്ത തുകയാണെന്നും ചെലവിനാധാരമായ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.*

(*ബി) കേരള ഗ്രാമീൺ ബാങ്ക്* നെല്ലിമൂട് ബ്രാഞ്ച് തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ചിരിക്കുന്ന ചുവടെ പരാമർശിച്ചിരിക്കുന്ന തുകകളുടെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| തീയതി | തുക | കുറിപ്പ് |
|---|---|---|
| 11.02.2021 | 14718 | Tax Lettr ID 524 |
| 11.02.2021 | 2775 | Tax LTR ID 52455 |
| 12.03.2021 | 16071 | Tax |

വൗച്ചറുകൾ ക്രമരഹിതമായും മതിയായ ചെലവുരേഖകളില്ലാതെ സൂക്ഷിച്ചിരിക്കുന്നതിനാലും ബിൽ രജിസ്റ്റർ കാലികമാക്കി തയാറാക്കിയിട്ടില്ലാത്തതിനാലും മേൽ ചെലവിന്റെ വിശദാംശങ്ങൾ പരിശോധിക്കാനായിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം 08/ 13.06.2022) .

മേൽ പരാമർശിച്ചിരിക്കുന്ന ചെലവിനാധാരമായ രേഖകൾ, വൗച്ചറുകൾ ലഭ്യമാക്കേണ്ടതാണ്.

## 1-39 കന്നുക്കുട്ടി പരിപാലന പദ്ധതി, ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പദ്ധതി,നം | പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി ( വനിത) , 246/21 |
| അടങ്കൽ തുക | 1000000 (വികസന ഫണ്ട്- പൊതു വിഭാഗം സാധാരണ വിഹിതം) |
| ചെലവ് തുക | 5,00,000 (ബിൽ നം.- 5/20-21, 12-01-2021) |
| അനുമതി ; തീരുമാനം നം . | 2(10)/14-08-2020 |

മേൽ പറഞ്ഞ പദ്ധതി പ്രകാരം നാലു മുതൽ ആറു മാസം പ്രായമുള്ള കന്നുക്കുട്ടികളെ തിരഞ്ഞെടുത്ത് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയതിനു ശേഷം കാലിത്തീറ്റ ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിലേക്കായി ഗ്രാമ പഞ്ചായത്ത് വിഹിതം 5,00,000/- രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പി തിരുവനന്തപുരത്തിന് കൈ മാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ധനവിനിയോഗ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തെയും മുൻവർഷങ്ങളിലെയും ചെലവ് തുക ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിന് ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9 ന് സാക്ഷ്യപത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങി ഹാജരാക്കുന്നതാണ് എന്നാണ് മറുപടി അറിയിച്ചിട്ടുള്ളത്. കൈമാറിയ തുകയ്ക്ക് അനുസൃതമായ ധനവിനിയോഗ സാക്ഷ്യപത്രം കൃത്യമായി വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ് .

## 1-40 ജി എസ് റ്റി - രജിസ്ട്രേഷൻ, തുക ഒടുക്കുവരുത്തൽ- അപാകതകൾ.

2020-21 വർഷം ജി.എസ്.ടി, ജി.എസ്.ടി, ടിഡിഎസ് എന്നീയിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 1

| ഇനം | തുക ധനകാര്യപത്രിക (ആർ പി 35) പ്രകാരം | ആകെ |
|---|---|---|
| എസ് ജി എസ് ടി | 186557 | 365765 |
| സി ജി എസ് ടി | 179208 | |
| എസ് ജി എസ് ടി (ടി ഡി എസ് ) | 6898 | 9632 |
| സി ജി എസ് ടി (ടി ഡി എസ്) | 2734 | |

സ.ഉ അച്ചടി നം 87/2017 തീയതി 01.11.2017 പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളും കേന്ദ്രസർക്കാരിന്റെ ജി.എസ്.ടി ചട്ടം 25-ാം വകുപ്പ് പ്രകാരം ജി എസ്.ടി രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. കൂടാതെ സർക്കുലർ നം B1/157/2017/Taxes തീയതി തിരു 24.10.2017, 8/9/2020 ലെ സർക്കുലർ എന്നിവ പ്രകാരം എല്ലാ ഡി ഡി ഒ മാരും ജി.എസ്.ടി ടി.ഡി.എസ് രജിസ്ട്രേഷനും എടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട് . എന്നാൽ പഞ്ചായത്തിൽ ടാക്സ് പേയർ എന്ന നിലയിൽ സെക്രട്ടറിയുടെ പേരിൽ ജി.എസ്.ടി ജനറൽ രജിസ്ട്രേഷൻ മാത്രമേ എടുത്തിട്ടുള്ളു. (നം 32AAGC1460R1ZG) ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 2020-21 ലെ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ അല്ല ജി എസ് റ്റി റിട്ടേണുകൾ ഫയൽ ചെയ്തിരിക്കുന്നത്. കൂടാതെ ജി.എസ്.ടി, ടി ഡി എസ് ഡിഡക്ടർ എന്ന നിലയിലുള്ള ജി എസ് ടി രജിസ്ട്രേഷൻ എടുത്തിട്ടുമില്ല. ജി എസ് ടി, ടി ഡി എസ് രജിസ്ട്രേഷൻ എടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

മറ്റ് അപാകതകൾ

(എ) പഞ്ചായത്തിന് ജി എസ് ടി ഇനത്തിൽ ലഭ്യമായ തുകയും സർക്കാരിലേയ്ക്ക് അടവാക്കിയ തുകയും പൊരുത്തപ്പെടുന്നില്ല

ജി.എസ്.ടി ഇനത്തിൽ പഞ്ചായത്തിന് ലഭ്യമായ തുക അടവാക്കി റിട്ടേൺ ഫയൽ ചെയ്തതിന്റെ ( GSTR – 3B) സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

പട്ടിക 2

| | മാസം | ജി എസ് ടി തുക | പിഴയിനത്തിൽ അടവാക്കിയ തുക | തീയതി |
|---|---|---|---|---|
| ജി എസ് ടി ആർ -3ബി പ്രകാരമുള്ള വിവരങ്ങൾ | ഏപ്രിൽ 2021 | 0 | 10000 | 11.11.2020 |
| | മെയ് 2021 | 0 | 3460 | 11.11.2020 |
| | ജൂൺ 2021 | 0 | 2440 | 11.11.2020 |
| | ജൂലൈ 2021 | 0 | 2240 | 11.11.2020 |
| | ആഗസ്റ്റ് 2021 | 0 | 1620 | 25.11.2020 |
| | സെപ്റ്റംബർ2021 | 0 | 1100 | 25.11.2020 |
| | ഒക്ടോബർ2021 | 0 | 680 | 30.12.2020 |
| | നവംബർ 2021 | 0 | 760 | 30.12.2020 |
| | ഡിസംബർ 2021 | 62258 | 160 | 03.03.2021 |
| | ജനവരി 2021 | 142357 | 2000 | 12.04.2021 |
| | ഫെബ്രുവരി 2021 | 56202 | 1020 | 12.04.2021 |

| | | | | |
|---|---|---|---|---|
| | മാർച്ച് 2021 | 119660 | 1150 | 24.04.21 |
| ആകെ | | 390477 | 26630 | |

ജി എസ് ടി ഇനത്തിൽ മുന്നിരിപ്പുൾപ്പെടെ സർക്കാരിലേയ്ക്ക് 2020-21 വർഷം അടക്കേണ്ടതുക (ധനകാര്യപത്രിക പ്രകാരം ) സർക്കാരിലേയ്ക്ക് അടവാക്കിയ തുകയുമായി (GSTR-3B പ്രകാരം ) പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

പട്ടിക 3

| ഇനം | അടവാക്കാനവശേഷിക്കുന്ന തുക ( 2019-20വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ) | തൻവർഷ വരവ് (20-21വർഷത്തെ എ.എഫ്.എസ് പ്രകാരം ) | ആകെ അടവാക്കേണ്ട തുക | അടവാക്കിയ തുക (റിട്ടേൺ സ്റ്റേറ്റ്മെന്റുകൾ പ്രകാരം ) (പട്ടിക 2 പ്രകാരം ) | അടവാക്കിയ തുക (ധനകാര്യപത്രിക പ്രകാരം ) |
|---|---|---|---|---|---|
| ജി എസ് റ്റി റഗുലർ | 100173 | 365765 | 465938 | 390477 | 164506 |

സർക്കുലർ നം 18/2019/ധന തീയതി 01.03.2019(ഇൻഡസ്ട്രീസ് ആന്റ് പബ്ലിക് വർക്സ്-ബി) ഡിപ്പാർട്ട്മെന്റ്ക്രമ നം 13 പ്രകാരം ജി.എസ്.ടി ആക്ടിൽ പരാമർശിച്ചിരിക്കുന്ന നികുതികൾ, കിഴിവ് വരുത്തിയ മാസം അവസാനിച്ച് 10 ദിവസത്തിനകം സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്. എന്നാൽ മുകളിൽ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്യാത്തതായും പിഴയിനത്തിൽ വലിയതുക അടവാക്കുന്നതായും കാണുന്നു. ഓരോ മാസവും നികുതിയിനത്തിൽ കിഴിവ് ചെയ്യുന്ന തുകയുടെ വിശദാംശം രേഖപ്പെടുത്തുന്നതിന് സർക്കാർ നിർദ്ദേശപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതും റിട്ടേണുകളുടെ വിവരം ഉൾപ്പെടെ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

(ബി) ജി.എസ്.ടി ടി ഡി എസ് തുക അടവാക്കിയതിന്റെയും റിട്ടേൺ ഫയൽ ചെയ്തതിന്റെയും രേഖകൾ ലഭ്യമല്ല.

പഞ്ചായത്തിന് ജി.എസ്.ടി, ടി.ഡി.എസ് ഡിഡക്ടർ എന്ന നിലയിലുള്ള ജി.എസ്. ടി രജിസ്ട്രേഷൻ ഇല്ല. 2019-20 (ഉദാ- രസീത് നം 119010100757 തീയതി 02.11.2019 പ്രകാരം 14246/- രൂപ), 2020-21, 2021-22 ( ഉദാ- രസീത് നം 122030113/G011101 തീയതി 16.06.2022പ്രകാരം 15458/- രൂപ) വർഷങ്ങളിൽ പഞ്ചായത്തിന് ജി.എസ്.ടി ടി.ഡി.എസ് ഇനത്തിൽ വരവുണ്ട്. തുക വരവുവരുത്തി തൊട്ടടുത്ത മാസം 10-ാം തീയതിയ്ക്കകം റിട്ടേണുകൾ (GSTR- 7) ഫയൽ ചെയ്യേണ്ടതാണ്. എന്നാൽ പ്രസ്തുത തുകകൾ അടവാക്കിയതിന്റെയോ റിട്ടേണുകൾ ഫയൽ ചെയ്തതിന്റെയോ യാതൊരു രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ധനകാര്യപത്രിക പ്രകാരം ഈയിനത്തിൽ അടവാക്കേണ്ടതുകയും അടവാക്കിയ തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | അടവാക്കാനവശേഷിക്കുന്ന തുക ( 2019-20വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ) | തൻവർഷ വരവ് (20-21വർഷത്തെ എ.എഫ്.എസ് പ്രകാരം ) | ആകെ അടവാക്കേണ്ട തുക | അടവാക്കിയ തുക (റിട്ടേൺ സ്റ്റേറ്റ്മെന്റുകൾ പ്രകാരം ) | അടവാക്കിയ തുക (ധനകാര്യപത്രിക ആർ പി പ്രകാരം ) |
|---|---|---|---|---|---|
| ജി.എസ്.ടി ടി.ഡി.എസ് | 61832 | 9632 | 71464 | ലഭ്യമല്ല | 164482 |

ധനകാര്യപത്രികയിൽ 1,64,482/-രൂപ പേയ്മെന്റ് ചെയ്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജി.എസ്.ടി ടി ഡി എസ് രജിസ്ട്രേഷനില്ലാതിരിക്കെ തുക അടവാക്കിയതെങ്ങനെയെന്ന് വ്യക്തമല്ല. തുക സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയതിന്റെയും റിട്ടേണുകൾ ഫയൽ ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ജി.എസ്.ടി ടി ഡി എസ് ഡിഡക്ടർ എന്ന നിലയിലുള്ള ജി എസ് ടി രജിസ്ട്രേഷൻ എടുക്കേണ്ടതും നികുതി തുകകൾ അതാത് രജിസ്ട്രേഷനുകളിൽ കൃത്യമായി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതുമാണ് .

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 14/15.06.2022) അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 ലൈബ്രറി സെസ് അടവാക്കിയിട്ടില്ല.

2020-21 വർഷത്തെ ധനകാര്യപത്രിക പ്രകാരം ( ബി 9) 630766.50/-രൂപ ലൈബ്രറി സെസ് ഇനത്തിൽ അടവാക്കാനവശേഷിച്ചിട്ടുണ്ട്. പ്രസ്തുത തുക ഓഡിറ്റ് തിയതിവരെയും അടവാക്കിയിട്ടില്ല. (മുൻവർഷത്തെ നീക്കിയിരിപ്പ് 326202.85).

സർക്കുലർ നം.10088/എൽ3/05/ത.സ്വ.ഭ.വ തീയതി 20.09.2005 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യഗഡു ഏപ്രിൽ 30-നകവും രണ്ടാം ഗഡു നവംബർ 30-നകവും അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തിയാൽ അത് സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കേണ്ടതുമാണ്.

ലൈബ്രറി സെസിനത്തിൽ ബാധ്യതയായി നിലനിൽക്കുന്ന തുക നാളിതുവരെ അടവാക്കാത്തതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2020-21 വരെയുള്ള ലൈബ്രറി സെസ് അടവാക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി ( ഓഡിറ്റ് എൻക്വയറി നം 18/ 15.06.2022).

കുടിശ്ശികയുൾപ്പെടെയുള്ള ലൈബ്രറി സെസ് അടിയന്തിരമായി ലൈബ്രറി കൗൺസിലിലേയ്ക്ക് അടവാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-42 എ.ബി.സി. പദ്ധതി.

| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
|---|---|
| പദ്ധതി,നം | എ.ബി.സി. പദ്ധതി,1/21 |
| അടങ്കൽ തുക | 105000 (വികസന ഫണ്ട്-പൊതു വിഭാഗം സാധാരണ വിഹിതം) |
| ചെലവ് തുക | 105000 (ബിൽ നം.- 3/20-21, 25-09-2020) |

ചെങ്കൽ ഗ്രാമപഞ്ചായത്തിലെ തെരുവു നായ്ക്കളെ പിടികൂടി വന്ധ്യംകരണം നടത്തുന്നതിലേക്കായി 1,05,000/-രൂപ കുടുംബശ്രീയ്ക്ക് കൈമാറിയിട്ടുണ്ട്. ലഭ്യമാക്കിയിട്ടുള്ള ധനവിനിയോഗ സാക്ഷ്യപത്രം പ്രകാരം തുക പൂർണ്ണമായും വിനിയോഗിച്ച് പഞ്ചായത്തിലെ 50 നായ്ക്കളെ വന്ധ്യംകരണം നടത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. നായ്ക്കളെ പിടികൂടിയതിന്റെയും വന്ധ്യകരണം നടത്തി പിടികൂടിയ നായ്ക്കളെ അതേ വാർഡിൽ തന്നെ തിരിച്ച് വിട്ടിട്ടുള്ളതായും സാക്ഷ്യപ്പെടുത്തിയുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിന് കൃത്യമായ മേൽനോട്ടം നടത്താതിരുന്നതിന് കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9 ന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2. തെരുവുനായ്ക്കളെ വന്ധ്യംകരണം നടത്തുന്നതിന് മരുന്നുകൾ വാങ്ങിയ വകയിൽ ഹാജരാക്കിയ ബില്ലുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം | തീയതി | തുക |
|---|---|---|---|
| 1 | 2773 | രേഖപ്പെടുത്തിയിട്ടില്ല. | 4234 |
| 2 | 2959 | രേഖപ്പെടുത്തിയിട്ടില്ല. | 3971 |
| 3 | BC-131 | 19-10-2020 | 22182 |
| | | ആകെ | 30387 |

A)ക്രമ നം. 1 ലെ ബിൽ പ്രകാരം പെറ്റ് മി വെറ്ററിനറി മെഡിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുള്ള Bandage ന്റെ എക്സ്പയറി ഡേറ്റ് 5/2020 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അത് പോലെ ക്രമ നം 2 ലെ ബിൽ പ്രകാരം വാങ്ങിയിട്ടുള്ള Drape Bandage ന്റെ എക്സ്പയറി ഡേറ്റ് 5/2020 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വെറ്ററിനറി സർജൻമാർ ലഭ്യമാക്കിയിട്ടുള്ള രേഖകൾ പ്രകാരം 3-11-2020, 7-11-2020 എന്നീ തീയതികളിലാണ് ശസ്ത്രക്രിയ നടത്തിയിട്ടുള്ളത്. എക്സ്പയറി ഡേറ്റ് കഴിഞ്ഞ വസ്തുക്കൾ ഉപയോഗിച്ചാണ് സർജറി നടത്തിയിട്ടുള്ളത്. അപകടകരമാം വിധം സർജറി നിർവ്വഹിച്ചതിന് കൃത്യമായ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി വിവരം കുടുംബശ്രീ മിഷനെ അറിയിച്ചിട്ടുണ്ടെന്നും മറുപടി കിട്ടുന്ന മുറയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതാണെന്നും മറുപടി അറിയിച്ചിട്ടുണ്ട്

B) തീയതി രേഖപ്പെടുത്താത്ത ക്യാഷ് ബില്ലുകളുടെ ഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. സ്ഥാപനത്തിന്റെ സീലോ നിർവ്വഹണോദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോ ബില്ലിൽ ഇല്ല. ടി ബില്ലുകളുടെ ആധികാരികത ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടില്ല. ഒറിജിനൽ ബിൽ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം. 9 മുഖേന ആവശ്യപ്പെട്ടെങ്കിലും ടി നിർദ്ദേശം പാലിച്ചിട്ടില്ല.

III) വരവ് ചെലവ് സംബന്ധിച്ച് A.B.C GOLD ME GROUP എന്ന സ്ഥാപനത്തിന്റെ ഒരു വൗച്ചർ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. ടി വൗച്ചറിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചെങ്കൽ പഞ്ചായത്തിലെ വരവ് ചെലവ് (50 നായ്ക്കൾ) Catching And Releasing

വണ്ടി വാടക ; 15000

Catching ചെലവ് : 10000

മരുന്ന്: 2500

ആഹാരം: 5000

വരവ്; 85000

Catching ചെലവ്

സുചിത്ര- 3000

പ്രഭ- 1500

പ്രീത- 6650

മേരി സ്റ്റെല്ല- 6650

അപ്പു- 6650

വരവ്- 85000

ചെലവ്- 85000

ടി വൗച്ചർ പ്രകാരമുള്ള ചെലവുകൾ ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്. കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. പ്രസ്തുത വൗച്ചർ സംബന്ധമായ ചെലവുകൾക്ക് വ്യക്തത വരുത്തിയിട്ടില്ല.

പദ്ധതി നിർവ്വഹണത്തിന് കൃത്യമായ മേൽനോട്ടം ഉണ്ടായിട്ടില്ല എന്ന് പ്രസ്തുത രേഖകളുടെയും മറുപടിയുടെയും അടിസ്ഥാനത്തിൽ ഓഡിറ്റ് വിലയിരുത്തുന്നു. കുടുംബശ്രീയുടെ ഭാഗത്തു നിന്നുള്ള വിശദീകരണം ലഭ്യമാകും മുറയ്ക്ക് വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്. വരും വർഷങ്ങളിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ നിരീക്ഷണം പദ്ധതി നിർവ്വഹണത്തിൽ ഉണ്ടാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-43 ചെലവു പത്രികയിലെയും, ബിൽബുക്കിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല, രേഖകൾ ക്രോഡീകരിച്ച് ലഭ്യമാക്കിയിട്ടില്ല.1780327/- രൂപ തടസ്സപ്പെടുത്തുന്നു.

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നിർവഹണം നടത്തിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജെക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ്(സുലേഖ പ്രകാരം ) |
|---|---|---|---|
| 1 | 3/21 ക്ഷീര സമൃദ്ധി ജനറൽ ആകെ ചെലവ് സുലേഖ പ്രകാരം 803846/- ആണെങ്കിലും സുലേഖ പത്രിക പ്രകാരം ഓരോ ഫണ്ടിനത്തിലെ ചെലവുകൾ കൂട്ടി നോക്കുമ്പോൾ 768036/- | 400000 വികസന ഫണ്ട് 4ലക്ഷംബ്ലോക്ക് പഞ്ചായത്ത് വിഹിതം 4ലക്ഷം ജില്ലാ പഞ്ചായത്ത് വിഹിതം | 308036 വികസന ഫണ്ട് 300000 ബ്ലോക്ക്പഞ്ചായത്ത് വിഹിതം 160000ജില്ലാ പഞ്ചായത്ത് വിഹിതം |

| | | | |
|---|---|---|---|
| | രൂപയാണ് ചെലവ് (308030 (വ.ഫ)+ 300000 ബ്ലോക്ക്)+ 160000 (ജില്ല) | | |
| 2 | 2/21 ക്ഷീര സമൃദ്ധി ജനറൽ വനിത | 400000 വികസന ഫണ്ട്<br>400000 ബ്ലോക്ക് വിഹിതം<br>400000 ജില്ലാ പഞ്ചായത്ത് വിഹിതം | 400000 വികസന ഫണ്ട്<br>322691 ബ്ലോക്ക്പഞ്ചായത്ത് വിഹിതം<br>300000ജില്ലാ പഞ്ചായത്ത് വിഹിതം |
| 3 | 74/21 ക്ഷീര സമൃദ്ധി ജനറൽ ( സ്പിൽ ഓവർ) | 225885 വികസന ഫണ്ട്<br>4ലക്ഷംബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>242958 ജില്ലാ പഞ്ചായത്ത് വിഹിതം | 225885 വികസന ഫണ്ട്<br>4ലക്ഷംബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>242958 ജില്ലാ പഞ്ചായത്ത് വിഹിതം |
| 4 | 73/21 ക്ഷീരസമൃദ്ധി ജനറൽ വനിത ജനറൽ ( സ്പിൽ ഓവർ) | 10917 വികസന ഫണ്ട്<br>490930 ജില്ലാ പഞ്ചായത്ത് വിഹിതം | 10917 വികസന ഫണ്ട്<br>490930 ജില്ലാ പഞ്ചായത്ത് വിഹിതം |

പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>(എ) സുലേഖ പത്രിക പ്രകാരമുള്ള ചെലവ് ബിൽ ബുക്ക് പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.</u>

സുലേഖ പത്രിക പ്രകാരമുള്ള ചെലവ് ബിൽ ബുക്ക് പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

| പ്രോജക്ടിന്റെ പേര് | സുലേഖ പ്രകാരം ചെലവ് | ബിൽ ബുക്ക് പ്രകാരം ചെലവ് TR5(E) | തുക ബിൽ നം.തീയതി |
|---|---|---|---|
| 3/21 ക്ഷീര സമൃദ്ധി ജനറൽ | 803846 | 768036 | 43749, 26/15.01.21<br>53605, 27/25.01.21<br>13632, 28/15.01.21<br>31121, 29/25.01.21<br>21889, 31/25.01.21<br>27775, 30/25.01.21<br>48838, 47/26.02.21<br>14040, 48/26.02.21<br>10529, 45/26.02.21 |

| | | | | | |
|---|---|---|---|---|---|
| | | | | 7048, 46/26.02.21<br>10493, 50/23.03.21<br>11114, 66/29.03.21<br>14203, 67/29.03.21<br>40771, 32/25.01.21<br>56683, 33/25.01.21<br>13968, 35/25.01.21<br>21904, 37/25.01.21<br>31121, 36/25.01.21<br>27775, 34/25.01.21<br>39486, 68/29.03.21<br>15830, 52/29.03.21<br>50396, 53/29.03.21<br>42130, 54/29.03.21<br>12158,55/29.03.21<br>48838, 60/29.03.21<br>13965, 51/29.03.21<br>18549, 61/29.03.21<br>10493, 64/29.03.21<br>15933, 65/29.03.21 | |
| | 2/21 ക്ഷീര സമൃദ്ധി ജനറൽ വനിത | 1074028 | 1012291 | 64480 ,22/06.10.20<br>41706 ,23/15.1.21<br>100243 ,24/15.01.21<br>26295 ,25/15.01.21<br>92169, 42/3.2.21<br>13770 ,43/4.2.21<br>51337, 62/29.03.21<br>64480,56/29.03.21<br>26295, 57/29.03.21<br>41706,69/29.03.21<br>110243, 58/29.03.21<br>110243, 41/29.01.21<br>26295, 38/29.01.21<br>41706 ,40/29.01.21 | |

| | | | |
|---|---|---|---|
| | | | 64480, 39/29.01.21<br>13370,44/22.02.21<br>13770 ,59/29.03.21<br>43506,63/29.03.21<br>66197, 49/19.03.21 |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ ശ്രീകുമാർ - Rs 1059205/-

രമ്യ എസ് - 721122

(ബി) മുഴുവൻ അപേക്ഷകളും ഹാജരാക്കിയിട്ടില്ല, രേഖകൾ ക്രോഡീകരിച്ച് ലഭ്യമാക്കിയില്ല

പഞ്ചായത്തിനുകീഴിലെ ക്ഷീരകർഷകർക്ക് ക്ഷീരസഹകരണ സംഘത്തിൽ നൽകുന്ന പാലിന് സബ്സിഡി അനുവദിക്കുന്നതിനാണ് പ്രോജക്ടുകൾ രൂപീകരിച്ചിരിക്കുന്നത്. 5 ക്ഷീരസംഘങ്ങളിൽനിന്നുള്ള സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നുവെങ്കിലും ലഭ്യമാക്കിയസ്റ്റേറ്റ്മെന്റുകളിൽക്ഷീരസംഘംപ്രസിഡന്റ് ഒപ്പുവച്ചിട്ടില്ല (4 ക്ഷീര സംഘങ്ങളുടെ ). ജനറൽ, വനിതപ്രോജക്ടുകൾ പ്രത്യേകം ആവിഷ്കരിച്ചാണ് തുക നൽകിയിരിക്കുന്നതെങ്കിലും ക്ഷീരസംഘത്തിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുകളിൽ വനിത, ജനറൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഒരുമിച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്ഷീരസംഘങ്ങളിൽനിന്നുംഓരോ ഗുണഭോക്താക്കളുടെയും പാൽ നൽകിയതിന്റെ മാസം തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് ഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച ഓരോ പ്രോജക്ടുകളുടെയും ആകെ ഗുണഭോക്താക്കളുടെ എണ്ണം,ഓരോഗുണഭോക്താക്കൾക്കുംഅർഹമായതുക,നൽകിയതുക

നൽകാനവശേഷിക്കുന്ന തുക, ഗുണഭോക്താക്കൾ ഏതു ക്ഷീരസംഘത്തിലെ കർഷകരാണ്എന്നീവിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ചെലവിന്റെ കൃത്യതപരിശോധിക്കാനായിട്ടില്ല. വനിതാ ഗുണഭോക്താക്കളുടെ അപേക്ഷകൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. ബിൽ ബുക്ക് പ്രകാരം 69 ബില്ലുകൾ മുഖേനയാണ് തുക പിൻവലിച്ചിരിക്കുന്നത്. ബില്ലുകളുടെ എണ്ണവും ഗുണഭോക്താക്കളുടെ എണ്ണവും കൂടുതലായതിനാലും, ഓരോ പ്രോജക്ടിലും ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ അപേക്ഷകൾ തരം തിരിച്ച് ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ആനുകൂല്യം ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ലഭ്യമായിട്ടുണ്ടോ എന്ന് ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 24/16.06.2022) രേഖകൾ ക്രോഡീകരിച്ച് ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും ലഭ്യമാക്കിയിരുന്നില്ല. ചെലവു തുകയിൽ വ്യത്യാസമുള്ളതിനാലും മേൽ പരാമർശിച്ച അപാകതകളുള്ളതിനാലും പ്രോജക്ട് നം 2,3 പ്രകാരമുള്ള ചെലവ്1877874/- രൂപ തടസ്സപ്പെടുത്തുന്നു.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-44 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- 2247995/- രൂപ തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾക്ക വിനിയോഗ വിവരങ്ങൾ ലഭ്യമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ നം | പദ്ധതിയുടെ പേര് | ബിൽ നം | ചെലവ്, ഫണ്ടിനം | നല്കിയത് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 152/21 | കുടുംബാരോഗ്യ കേന്ദ്രം-അടിസ്ഥാനസൗകര്യവികസനം | 26/30.10.20 | 1110676/ N.R | NHM,ജില്ലാ പ്രോഗ്രാംമാനേജർ | കൈപ്പറ്റ്, വിനയോഗ സക്ഷ്യ പത്രം ലഭ്യമല്ല |
| 2 | 295/21 | 19 വാർഡിൽ ഇലക്ട്രിക് പോസ്റ്റും ലൈൻ എക്സ്റ്റെൻഷനും | 49/25.3.21 | 66998/ | KSEB,poozhikkunnu | വിനയോഗ സക്ഷ്യപത്രം ലഭ്യമല്ല |
| 3 | 37/21 | സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം | 18/19.6.20 | 100000/ | ഡയറക്ടർസോഷ്യൽ സെക്യൂരിറ്റി മിഷൻ | വിനയോഗ സാക്ഷ്യപത്രവും ഡീറ്റെയിൽഡ് ചെലവ് പത്രികയും ലഭ്യമല്ല. |

| | | | | | | |
|---|---|---|---|---|---|---|
| 4 | 262/21 | മെഡിക്കൽ കോളേജിൽ മാലിന്യസംസ്കരണം | 48/21 | 100000/ | ശുചിത്വമിഷൻ | വിനയോഗ സക്ഷ്യപത്രം ലഭ്യമല്ല |
| 5 | 50/21 | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 10/12.5.20 | 246138/ | KSEB | കരാറും വിനയോഗ സക്ഷ്യപത്രം ലഭ്യമല്ല |
| 6 | 350/21 | ലൈൻ എക്സ്റ്റെൻഷനം | 18/19.6.20 | 100000/ | KSEB | വിനയോഗസക്ഷ്യ പത്രംലഭ്യമല്ല |
| 7 | 53/21 | ലൈൻ എക്സ്റ്റെൻഷൻ | 11/12.5.20 | 1,24,183/ | KSEB | വിനയോഗസക്ഷ്യ പത്രംലഭ്യമല്ല |
| 8 | 296/21 | പൈപ്പ് ലൈൻ നീട്ടൽ | 31/11.11.20 | 4,00,000/ | Water Authority | കരാറും വിനയോഗ സക്ഷ്യപത്രം ലഭ്യമല്ല |
| | | | ആകെ | 22,47,995/- | | |

## 1-45 ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്കായി വാങ്ങിയ സാധനങ്ങൾ സ്ഥാപിച്ചിട്ടില്ല.-ചെലവ് തുക തടസ്സപ്പെടുത്തുന്നു- 4,32,794/രൂപ.

പ്രോജക്ട് നം,പേര്- 266/21

ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്കായി സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്.

അടങ്കൽ തുക - 11,25,000/

ചെലവ് - 4,32,794/

ഫണ്ട് – സംസ്ഥാനാവിഷ്കൃത ഫണ്ട്

ചെക്ക് നം,തിയതി -029931, 12/12/2020 കേരള ഗ്രാമീൺ ബാങ്ക്

നിർവഹണം - അസി. സെക്രട്ടറി

ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്കായി ഭിന്നശേഷി കുട്ടികൾക്കുള്ള മേശ, കസേര മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് 19/11/2019-ലെ 1 (18) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം കെൽട്രോണിനെ ചുമതലപ്പെടുത്തുകയും അതിൻ പ്രകാരം 59 ഇനം സാധനങ്ങൾ എത്തിച്ചിട്ടുണ്ട്. 16/06/2022-ൽ ബഡ്സ് സ്കൂളിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കെൽട്രോൺ കൈമാറിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയോ, ഇൻവോയിസ് പ്രകാരമുള്ള സാധനങ്ങൾ തന്നെയാണോ ലഭ്യമായതെന്ന് പരിശോധിച്ച് സർട്ടിഫൈ ചെയ്യുകയോ ചെയ്തിട്ടില്ല. പായ്ക്കിംഗ് പോലും മാറ്റാത്ത രീതിയിലാണ് ഈ സാധനങ്ങൾ കണ്ടത്. Invoice പ്രകാരം 65 സാധനങ്ങൾ എത്തിച്ച് ഇൻസ്റ്റാൾ ചെയ്യുന്നതിന് കെൽട്രോൺ 8,65,588/-രൂപയാണ് ഡിമാൻഡ് ചെയ്തിരുന്നത്. എന്നാൽ ഓഡിറ്റ് എൻക്വയറി 11-ന് മറുപടിയായി 59 സാധനങ്ങൾ ലഭിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഇൻസ്റ്റാൾ ചെയ്യാത്തതുകൊണ്ട് ഇൻവെയിസ് പ്രകാരമുള്ള തുകയുടെ പകുതിയായ 4,32,794/-രൂപയാണ് കെൽട്രോണിന് കൈമാറിയതെന്ന് അറിയിച്ചിട്ടുണ്ട്. ഉപകരണങ്ങൾ എല്ലാം ലഭ്യമാക്കി പ്രവർത്തിപ്പിച്ച് ഓഡിറ്റിനെ അറിയിക്കുന്നതുവരെ ഈയിനത്തിൽ ചെലവ് ചെയ്ത 4,32,794/-രൂപ തടസ്സം ചെയ്യുന്നു. ഈ ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യാത്ത പക്ഷം ഈ തുക നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | ജലശ്രീ കിണർ റീ ചാർജ് | 108000 | 8640 |
| | | കേദാരം സമഗ്ര നെൽകൃഷി വികസനം | 1105068 | 1007318 |
| | | ലൈഫ് ഭവന നിർമാണം | 3263109 | 1363109 |
| | | ന്യൂ ലൈഫ് ലക്ഷം വീട് കോളനി നവീകരണം ജനറൽ | 792000 | 450000 |
| | | വീട് വാസയോഗ്യമാക്കൽ ജനറൽ | 900000 | 500000 |
| | | വീട് വാസയോഗ്യമാക്കൽ എസ് സി പി | 1224000 | 600000 |
| | | ലൈഫ് ഭവനനിർമാണം െസ് സി പി | 1507439 | 880000 |
| | | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 356250 | 356250 |
| | | ക്ഷീര സമൃദ്ധി ജനറൽ | 400000 | 160000 |
| | | ക്ഷീര സമൃദ്ധി ജനറൽ വനിത | 400000 | 300000 |
| | | ക്ഷീരസമൃദ്ധി ജനറൽ സ്പിൽ ഓവർ | 242958 | 242958 |
| | | ക്ഷീരസമൃദ്ധി ജനറൽ സ്പിൽ ഓവർ വനിത | 490930 | 490930 |
| | | ആകെ | | 6359205 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | ജലശ്രീ കിണർ റീ ചാർജ് | 72000 | 5760 |
| | | കേദാരം സമഗ്ര | 952000 | 459000 |

| | | | |
|---|---|---|---|
| | നെൽകൃഷി വികസനം | | |
| | ലൈഫ് ഭവന നിർമാണം | 3071250 | 400000 |
| | ന്യൂ ലൈഫ് ലക്ഷം വീട് കോളനി നവീകരണം ജനറൽ | 396000 | 370000 |
| | വീട് വാസയോഗ്യമാക്കൽ എസ് സി പി | 612000 | 360000 |
| | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 356250 | 356250 |
| | ക്ഷീര സമൃദ്ധി ജനറൽ | 400000 | 300000 |
| | ക്ഷീര സമൃദ്ധി ജനറൽ വനിത | 400000 | 322691 |
| | ക്ഷീരസമൃദ്ധി ജനറൽ സ്പിൽ ഓവർ | 400000 | 400000 |
| | | ആകെ | 2973701/- |

| | 2019-20 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 RP – 7, RP31 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2020-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 2050090 | 6359205 | 8409295 | 6359205 | 2050090 | 2050090 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1835500 | 2973701 | 4809201 | 2973701 | 1835500 | 1835500 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

നിക്ഷേപ പ്രവൃത്തികൾക്ക് 2020-21 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക |
|---|---|---|
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 246138 |
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 53 | 124183 |
| KSEB | കൊച്ചുഭഗവതി ക്ഷേത്രത്തിന് മുൻവശം ലൈൻ എക്സ്റ്ററൻഷൻ പോസ്റ്റ് ഷിഫ്റ്റിംഗ് 350 | 100000 |
| KWA | വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ 296 | 400000 |

| | 2019-20 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21ൽ നൽകിയ തുക (സുലേഖ പ്രകാരം) | ചെലവ് തുക | നീക്കിയിരിപ്പ് | 2020-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KWA | 0 | 400000 | - | 400000 | 937319 |

| | | | | | |
|---|---|---|---|---|---|
| KSEB | 1092240 | 537319 | - | 1629559 | 1142050 |

നിർവ്വഹണ ഏജൻസികൾക്ക് Deposit ഇനത്തിലുള്ള തുകയുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ (സുലേഖ പ്രകാരം ) | പലിശ | |
| കെ യു ആർ ഡി എഫ് സി | ലഭ്യമല്ല | - | 66758257 | 3376949 | 5573608 | 0 | 64371363 |
| | | | | | | ആകെ | |

തൻവർഷ വരവ് ഹഡ്കോ രജിസ്റ്ററിലെ ( വി.ഇ.ഒ ഹാജരാക്കിയത്) വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

| | വരവ് | ചെലവ് |
|---|---|---|
| രജിസ്റ്റർ പ്രകാരം | 3436949 | 0 |
| ധനകാര്യപത്രിക പ്രകാരം | 3376949 | 190235<br>(As Per Ledger Book) |

വരവ് - ചെലവ്, നീക്കിയിരിപ്പ് തമ്മിൽ പൊരുത്തപ്പെടുന്നില്ല. അപാകത ഖ. 1-2-16-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം./ തീയതി |
|---|---|---|---|---|
| 2017-18 | 3-9 | 1120 | വി. എസ്. ജയറാം | 1200100529/ 3-11-2020 |
| 2017-18 | 3-9 | 1600 | പ്രശാന്ത് എസ് | 1200100661/ 12-11-2020 |
| 2017-18 | 3-9 | 800 | വട്ടവിള രാജ്കുമാർ | 1200100699/ 13-11-2020 |
| 2017-18 | 3-9 | 800 | രാധമ്മ | 12001800822/ 17-11-2020 |
| ആകെ തുക | | 4320/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2002-03 | 3.4 | 2007-08 | 3.5.1 | ബി ഫണ്ട് കർഷകതൊഴിലാളി പെൻഷൻ അനുവദിച്ചതിൽ കൂടുതൽ തുക ചെലഴിച്ചു |
| 2006-07 | 3.5 | 2010-11 | 5.4.1 | ചട്ടങ്ങൾ പാലിക്കാതെ വർക്കുകൾ ടെണ്ടർ നൽകി |
| 2009-10 | 3.7 (1to 12) | 2011-12 | 3.2.11 | പൊതുമരാമത്ത് പ്രവര്ത്തികൾക്ക് TAG അംഗീകരിച്ചതിനേക്കാൾ കൂടുതൽ തുക നൽകി |
| 2010-11 | 3.5(1,2) | 2011-12 | - | |

## 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | | 3021501 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 131042093 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 123660032 |
| നീക്കിയിരിപ്പ് | | 10403562 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7746656 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 93761 | ഡോ. ജി. പ്രീതി നാഥ്, സെക്രട്ടറി |
| 1-24 | 55000 | സൗമ്യ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | 25665 | സൗമ്യ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | 1904 | സുനിൽ. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 12953 | സൗമ്യ എസ്, അസിസ്റ്റന്റ് |

| | | |
|---|---|---|
| | | എഞ്ചിനീയർ |
| 1-29 | 234218 | സുനിൽ. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 2679441 | സുനിൽ. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-33 | 11461 | സുനിൽ. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-35 | 3515 | സുനിൽ. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-37 | 167622 | ഡോ. ജി. പ്രീതി നാഥ്, സെക്രട്ടറി |
| 1-43 | 1059205 | ശ്രീ. ശ്രീകുമാർ എ. എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ, |
| 1-43 | 721122 | ശ്രീമതി. രമ്യ എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-44 | 2247995 | ഡോ. ജി. പ്രീതി നാഥ്, സെക്രട്ടറി |
| 1-45 | 432794 | അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 7746656 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ജി. പ്രീതി നാഥ് സെക്രട്ടറി | വിരമിച്ചു | പരമേശ്വരം, ആറാല്ലുംമൂട്, നെയ്യാറ്റിൻകര പി. ഒ |
| വേൽ മുരുകൻ റ്റി അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | സന്തോഷ് ഭവൻ, ന്യൂ സ്ട്രീറ്റ്, ബാലരാമപുരം പി.ഒ. |
| ശ്രീ. സുനിൽ എസ് അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | ചോതി, പൊറ്റയിൽ, മലയിൻകീഴ് പി. ഒ |

| | | |
|---|---|---|
| സൗമ്യ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | ജെ. എസ്. ഭവൻ, കുഴിച്ചാണിവിള ഹൗസ്, ചെറുവാരക്കോണം പി. ഒ, പാറശ്ശാല |
| ശ്രീ. ശ്രീകുമാർ എ. എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ | റ്റി. സി 58/538 കാർത്തിക, പുഞ്ചക്കരി , തിരുവല്ലം പി. ഒ |
| ശ്രീമതി. രമ്യ എസ് ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ | മകം, ആശാരി വിള , നേമം പി. ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | | |
|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1247/18, തി.08.06.18 | 1 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1247/18, തി.08.06.18 | 10 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1247/18, തി.08.06.18 | 1 |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി/1/1631/08, തി.15-11-10 | 15 |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി/1/1641/08, തി.23-7-09 | 6 |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി/1/1251/09, തി.22-3-10 | 12 |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി/1/545/11, തി.9-5-2012 | 14 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി/1/546/11, തി.13-06-12 | 12 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി/1/331/11, തി.05-04-13 | 10 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി/1/970/13, തി.12-11-13 | 9 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1820/13, തി.12-3-14 | 9 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1145/2014, തിയതി-15-10-2014 | 12 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/686/15, തി. 11-09-2015 | 26 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1374/2016, തി. 01-08-2016 | 23 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/2132/2016, തി. 11-12-2016 | 18 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1877/2017, തി. 19.9.2017 | 24 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/2227/2018, തി. 10-12-2018 | 24 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1837/19, തീ: 21.11.20 | 41 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/663/21, തീ: 31.03.21 | 26 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്